# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2025 മേയ് 22 | ദീപം 58 | നാളം 11 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




# പ്രത്യാശയുടെ പാപ്പ




ഫാ. ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ


പ്രസിദ്ധ ഓസ്ട്രേലിയൻ എഴുത്തുകാരനായ മോറിസ് വെസ്റ്റിന്റെ അധികമൊന്നും അറിയപ്പെടാത്ത ഒരു നോവലാണ് 1990 ൽ പ്രസിദ്ധീകൃതമായ "ലാസറസ്." വത്തിക്കാൻ ഇതിവൃത്തമായുള്ളതും വലിയ പ്രചാരം സിദ്ധിച്ചിരുന്നതുമായ അദ്ദേഹത്തിന്റെതന്നെ 'ദ ഷൂസ് ഓഫ് ദ ഫിഷർമാൻ' (1963), 'ദ ക്ലൗൺസ് ഓഫ് ഗോഡ്' (1981) എന്നീ മറ്റു രണ്ടു നോവലുകളുടെ ഗണത്തിൽപ്പെടുന്നതാണിത്. 'ലാസറസി'ലെ മുഖ്യകഥാപാത്രം ഒരു മാർപാപ്പയാണ്. അദ്ദേഹത്തിനു നോവലിസ്റ്റു നല്കിയ പേര് – 'ലെയോ പതിന്നാലാമൻ!' 2025 മേയ് എട്ടിന് വ്യാഴാഴ്ച വൈകുന്നേരം പുതിയ മാർപാപ്പയായി തിരഞ്ഞെടുക്കപ്പെട്ട റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് സ്വീകരിച്ച പേരും 'ലെയോ പതിന്നാലാമൻ!'

പുതിയ പാപ്പയെ തിരഞ്ഞെടുത്ത കോൺക്ലേവിൽ നിർണായകചുമതലകൾ വഹിച്ചിരുന്ന കർദിനാൾ ജോർജ് ജേക്കബ് കൂവക്കാട്ട് എഴുതുന്നു: "സഭയെ എങ്ങനെയാണു പരിശുദ്ധാത്മാവ് നയിക്കുന്നത് എന്നു വ്യക്തിപരമായി അനുഭവിക്കാൻ സാധിച്ച ഒരു അവസരമായിരുന്നു കോൺക്ലേവ് ദിവസങ്ങൾ... സഭയുടെ യഥാർഥശക്തി പരിശുദ്ധാത്മാവാണ് എന്ന ആഴമായ അനുഭവം വ്യക്തമായി പകരുന്ന ഒരവസരമായിരുന്നു അത്. സഭയുടെ ആവശ്യങ്ങളെയും കാലഘട്ടത്തിന്റെ പ്രത്യേകതകളെയും കണക്കിലെടുത്ത് അവയോടു പ്രതികരിക്കാൻ സഭയെ സഹായിക്കുന്ന വലിയ ഇടയനെ ദൈവം അദ്ഭുതകരമായി നല്കി." കർദിനാൾ തുടരുന്നു: "വളരെ സൗമ്യവും ശാന്തവുമായ പ്രകൃതത്തിന്റെ ഉടമയായ അദ്ദേഹം തന്റെ ഉത്തരവാദിത്വങ്ങളും തീരുമാനങ്ങളും വിവേകത്തോടും സൗമനസ്യത്തോടുംകൂടെ എടുക്കുന്ന ഒരാളാണ്."

## ലെയോ എന്ന പേര്


പുതിയ പാപ്പ സ്വീകരിച്ച 'ലെയോ' എന്ന പേര്, സഭാചരിത്രത്തിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ലെയോ ഒന്നാമന്റെയും (മിശിഹാവർഷം 441–460) ലെയോ പതിമ്മൂന്നാമന്റെയും (മിശിഹാവർഷം 1878–1903) പാതയിൽ ചരിക്കാൻ അദ്ദേഹം ആഗ്രഹിക്കുന്നു എന്നതിന്റെ സൂചനയാണ്. അഞ്ചാം നൂറ്റാണ്ടിൽ തിരുസ്സഭയെ നയിച്ചിരുന്ന 'മഹാനായ ലെയോ ഒന്നാമൻ' മിശിഹായുടെ ഇരുസ്വഭാവങ്ങൾ – ദൈവത്വവും മനുഷ്യത്വവും – സംബന്ധിച്ചു കാൽസിഡൺ കൗൺസിലിൽ നല്കിയ വിശദീകരണം ഇന്നും ക്രൈസ്തവസഭകളെല്ലാംതന്നെ അംഗീകരിക്കുന്നുണ്ട്. ലെയോ പതിമ്മൂന്നാമൻ പാപ്പയുടെ 'റേരും നൊവാരും' (1891) എന്ന ചാക്രികലേഖനം, വ്യാവസായികവിപ്ലവം അതിന്റെ ഉച്ചകോടിയിൽ എത്തിയിരുന്ന സമയത്ത്, തൊഴിലാളികൾക്കു ലഭിക്കേണ്ട സാമൂഹികനീതിയെക്കുറിച്ചുള്ള തിരുസ്സഭയുടെ ശക്തമായ പ്രവാചകസ്വരമായിരുന്നു. തുടർന്നുണ്ടായിട്ടുള്ള സഭയുടെ സാമൂഹികപ്രബോധനങ്ങളെല്ലാം 'റേരും നൊവാരുമി'ന്റെ ചുവടുപിടിച്ചുള്ളവയാണ്. മഹാരഥന്മാരായ ഈ രണ്ടു പാപ്പമാരുടെയും തുടർച്ചയായി, ആധുനികതലമുറയിൽ സത്യവിശ്വാസം കലർപ്പില്ലാതെ കൈമാറുന്നതിനും സാമൂഹികനീതിക്കുവേണ്ടി ശബ്ദമുയർത്തുന്നതിനും ലെയോ പതിന്നാലാമൻ പാപ്പയ്ക്കു സാധിക്കുമെന്നു കരുതാം.

'ലെയോ' എന്ന പേര് പൗരസ്ത്യരായ സീറോ-മലബാറുകാരെ സംബന്ധിച്ചു വലിയ പ്രതീക്ഷ നല്കുന്നതാണ്. കാരണം, ലെയോ പതിമ്മൂന്നാമൻ പാപ്പയാണ് പൗരസ്ത്യസഭകളുടെ തനിമയും അവരുടെ അതിപുരാതനപാരമ്പര്യങ്ങളുടെ ശ്രേഷ്ഠതയും ഊന്നിപ്പറയുന്ന 'ഓറിയന്താലിയും ഡിഗ്നിത്താസിസ്' എന്ന ശ്ലൈഹികപ്രബോധനം (1894) പുറപ്പെടുവിച്ചത്. മൂന്നര നൂറ്റാണ്ടുകാലം നീണ്ടുനിന്ന ലത്തീൻ ആധിപത്യത്തിൽനിന്ന് മാർത്തോമ്മാക്രിസ്ത്യാനികളെ സ്വതന്ത്രരാക്കി, 'സീറോ-മലബാർ സഭ' എന്ന പേരു നല്കി പുതിയ വികാരിയാത്തുകൾ സ്ഥാപിച്ചതും, പിന്നീട് തദ്ദേശീയമെത്രാന്മാരെ സീറോ-മലബാർ സഭയുടെ ഭരണം ഏല്പിച്ചതും ഈ മാർപാപ്പയാണ്.

►02

# ആഗസ്തീനോസിന്റെ മകൻ





*1-ാം പേജ് തുടർച്ച*

സീറോ-മലബാർ സഭയിൽ ഇന്നു നിലനില്ക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഈ ശ്ലൈഹികസഭയുടെ പൗരാണികപാരമ്പര്യങ്ങൾ പൂർണമായി വീണ്ടെടുക്കുന്നതിനും പുതിയ പാപ്പ സഹായിക്കുമെന്ന പ്രതീക്ഷ നല്കുന്നതാണ് അദ്ദേഹം സ്വീകരിച്ചിരിക്കുന്ന ‘ലെയോ’ എന്ന നാമം.

**അമേരിക്കയിൽനിന്നൊരു മാർപാപ്പ**

ലോകമെമ്പാടുമുള്ള കത്തോലിക്കാസഭയെ പ്രതിനിധീകരിച്ച് വത്തിക്കാനിൽ സമ്മേളിച്ച 71 രാജ്യങ്ങളിൽനിന്നുള്ള 133 കർദിനാളന്മാർ 267-ാമതു മാർപാപ്പയായി തിരഞ്ഞെടുത്തത് അമേരിക്കക്കാരനായ റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് ഒഎസ്എ യെയാണ്. അമേരിക്കയിൽനിന്നുള്ള ആദ്യത്തെ ഈ പാപ്പ ഷിക്കാഗോയിൽ 1955 സെപ്റ്റംബർ 14 നു ജനിച്ചു. 1977 ൽ അഗസ്റ്റീനിയൻ സന്ന്യാസസമൂഹത്തിൽ ചേർന്ന റോബർട്ട് 1982 ൽ പുരോഹിതനായി. തുടർന്ന് വില്ലനോവ യൂണിവേഴ്സിറ്റിയിൽനിന്നു ഗണിതശാസ്ത്രത്തിൽ ബിരുദവും ദൈവശാസ്ത്രത്തിൽ ബിരുദാനന്തരബിരുദവും നേടി. റോമിലെ സെന്റ് തോമസ് അക്വീനാസ് പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽനിന്നു കാനോൻനിയമത്തിൽ ഡോക്ടറേറ്റു നേടിയ അദ്ദേഹം ലാറ്റിനമേരിക്കൻരാജ്യമായ പെറുവിൽ ഏറെക്കാലം ഒരു മിഷനറിയായി പ്രവർത്തിച്ചു. 2001 മുതൽ 2013 വരെ അദ്ദേഹം അംഗമായിരിക്കുന്ന സന്ന്യാസസമൂഹത്തിന്റെ പ്രിയോർ ജനറലായും 2015 മുതൽ 2023 വരെ പെറുവിലെ ചിക്ലായോ രൂപതയുടെ മെത്രാനായും ശുശ്രൂഷ ചെയ്തു. 2023 മുതൽ മെത്രാന്മാർക്കായുള്ള വത്തിക്കാൻ കാര്യാലയത്തിന്റെ (ഡിക്കാസ്റ്ററി) തലവനായും ലാറ്റിനമേരിക്കയ്ക്കായുള്ള പൊന്തിഫിക്കൽ കമ്മീഷന്റെ പ്രസിഡന്റായും ശുശ്രൂഷ ചെയ്തുവരവേയാണ്, ‘സ്നേഹത്തിൽ അധ്യക്ഷസ്ഥാനം അലങ്കരിക്കുന്ന റോമിലെ’ വിശുദ്ധ പത്രോസിന്റെ സിംഹാസനത്തിലെത്തുന്നത്. ഫ്രാൻസിസ് മാർപാപ്പയാണ് ഇദ്ദേഹത്തെ 2015 ൽ മെത്രാനായും 2023 ൽ കർദിനാളായും തിരഞ്ഞെടുത്തത്. ഫ്രാൻസിസ് പാപ്പയുടെ ശൈലി പിന്തുടർന്ന് കരുണയുടെയും പ്രത്യാശയുടെയും മിഷനറിയാകാനാണ് പുതിയ പാപ്പ നമ്മെ ആഹ്വാനം ചെയ്തത്.

**സമാധാനദൂതൻ**

“സമാധാനം നിങ്ങൾ എല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ”- ദൈവത്തിന്റെ അജഗണത്തിനായി സ്വജീവൻ നല്കിയ നല്ല ഇടയനായ ഉത്ഥിതനായ മിശിഹായുടെ ഈ അഭിവാദനത്തോടെയാണ് ലെയോ പതിന്നാലാമൻ പാപ്പ 2025 മേയ് എട്ടിനു വൈകുന്നേരം ലോകത്തെ അഭിസംബോധന ചെയ്തത്. പുതിയ പാപ്പ ഇപ്രകാരം തുടർന്നു: ‘‘ഏറ്റവും പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, സമാധാനം നിങ്ങൾ എല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ. സമാധാനത്തിന്റെ ഈ അഭിവാദനം നിങ്ങളുടെ ഹൃദയങ്ങളിൽ പ്രവേശിക്കാനും നിങ്ങളുടെ കുടുംബങ്ങളിലും എല്ലാ മനുഷ്യരിലും അവർ എവിടെ ആയിരുന്നാലും, എല്ലാ രാജ്യങ്ങളിലും, ഭൂമുഖം മുഴുവനിലും എത്താനും ഇടയാകാനും ഞാനും ആഗ്രഹിക്കുന്നു. നിരായുധമായ, നിരായുധമാക്കുന്ന, വിനീതവും നിലനില്ക്കുന്നതുമായ സമാധാനം വരുന്നത് നമ്മെയെല്ലാം നിരുപാധികമായി സ്നേഹിക്കുന്ന ദൈവത്തിൽനിന്നാണ്... ദൈവം നമ്മെ എല്ലാവരെയും സ്നേഹിക്കുന്നു. തിന്മ പ്രബലപ്പെടില്ല. നാമെല്ലാവരും ദൈവത്തിന്റെ കരങ്ങളിലാണ്. അതിനാൽ, ഭയമില്ലാതെ, ദൈവവുമായും പരസ്പരവും കൈകൾകോർത്ത് നമുക്കു മുന്നേറാം.”

**ആഗസ്തീനോസിന്റെ മകൻ**

വിശുദ്ധ ആഗസ്തീനോസിന്റെ പേരിലുള്ള സന്ന്യാസസമൂഹത്തിലെ അംഗമായ ലെയോ പതിന്നാലാമൻ പാപ്പയെ ഈ സഭാപിതാവ് എത്രമാത്രം ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട് എന്നതിനു തെളിവാണ് തുടർന്നുള്ള പാപ്പയുടെ വാക്കുകൾ: ”നിങ്ങളോടൊപ്പം ഞാനൊരു ക്രിസ്ത്യാനിയും നിങ്ങൾക്കുവേണ്ടി ഒരു മെത്രാനുമാണ് എന്നു പറഞ്ഞ വിശുദ്ധ ആഗസ്തീനോസിന്റെ മകനാണു ഞാൻ.’’ സാർവത്രികസഭയുടെ മഹായിടയൻ ആയിരിക്കുമ്പോഴും ലോകമെമ്പാടുമുള്ള സകല വിശ്വാസികളോടുമൊപ്പം താനും ഒരു എളിയ മിശിഹാനുയായിയാണ് എന്നു വിനീതനായി പാപ്പ ഏറ്റുപറയുകയായിരുന്നു.

തന്റെ അജപാലനശുശ്രൂഷയുടെ ആപ്തവാക്യമായി സ്വീകരിച്ചിരിക്കുന്ന വിശുദ്ധ ആഗസ്തീനോസിന്റെ ലത്തീൻഭാഷാപ്രയോഗവും (in illo uno unum, 'in the One Christ we are one') ഈശോമിശിഹായിൽ വിശ്വസിക്കുന്ന നമ്മൾ പലരെങ്കിലും ഏകമിശിഹായിൽ നാമെല്ലാം ഒന്നാണ് എന്ന സത്യമാണ് വ്യക്തമാക്കുന്നത്. ഗലാത്തിയായിലെ സഭയ്ക്കെഴുതുമ്പോൾ വിശുദ്ധ പൗലോസ്ശ്ലീഹാ ഊന്നിപ്പറയുന്ന കാര്യമാണിത്: “യഹൂദനെന്നോ വിജാതീയനെന്നോ, അടിമയെന്നോ സ്വതന്ത്രനെന്നോ, പുരുഷനെന്നോ സ്ത്രീയെന്നോ വ്യത്യാസമില്ല; നിങ്ങളെല്ലാവരും മിശിഹായിൽ ഒന്നാണ്” (ഗലാ. 3:28). എഫേസോസിലെ സഭാംഗങ്ങളെ പൗലോസ്ശ്ലീഹാ ഉപദേശിക്കുന്നു: “നിങ്ങൾക്കു ലഭിച്ച വിളി ഒരേ പ്രത്യാശയിലേക്ക് ആയിരിക്കുന്നതുപോലെ, നിങ്ങൾ ഒരു ശരീരവും ഒരാത്മാവും ആകണം. എന്തുകൊണ്ടെന്നാൽ, കർത്താവ് ഒരുവനാണ്; വിശ്വാസവും ഒന്ന്; മാമ്മോദീസായും ഒന്ന്. എല്ലാവരുടെയും പിതാവും, എല്ലാറ്റിനുമേലും എല്ലാറ്റിലും നാമെല്ലാവരിലും സ്ഥിതിചെയ്യുന്നവനുമായ ദൈവവും ഒരുവനാകുന്നു” (എഫേ. 4:4-6). മിശിഹായിൽ വിശ്വസിക്കുന്നവരുടെ ഐക്യം നാമെല്ലാം ഏക സ്വർഗീയപിതാവിന്റെ മക്കളാണ് എന്ന സത്യത്തിൽനിന്നുരുത്തിരിയുന്നതാണ്. ലെയോ പതിന്നാലാമൻ പാപ്പ തന്റെ പ്രഥമസന്ദേശം സമാപിപ്പിച്ചത് ഇപ്രകാരം ആഹ്വാനം ചെയ്തുകൊണ്ടാണ്: ‘‘നമുക്കെല്ലാവർക്കും ഒരുമിച്ച് ദൈവം നമുക്കായി ഒരുക്കിയിരിക്കുന്ന സ്വർഗരാജ്യത്തേക്കു പ്രയാണം ചെയ്യാം.”

**കേരളം കണ്ട പാപ്പ**

അഗസ്റ്റീനിയൻ സന്ന്യാസസമൂഹത്തിന്റെ സുപ്പീരിയർ ജനറൽ എന്ന നിലയിൽ 2004 ഏപ്രിൽ 19 മുതൽ 24 വരെയും 2006 ഒക്ടോബർ അഞ്ചുമുതൽ ഒരാഴ്ചക്കാലവും ഫാ. റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റ് ഭാരതം സന്ദർശിച്ചിട്ടുണ്ട്. ആദ്യസന്ദർശനം എറണാകുളത്തുള്ള കലൂർ സെന്റ് ഫ്രാൻസിസ് സേവ്യർ പള്ളിയിൽ വച്ചു നടന്ന ആറ് അഗസ്റ്റീനിയൻ നവവൈദികരുടെ പൗരോഹിത്യസ്വീകരണവുമായി ബന്ധപ്പെട്ടായിരുന്നു. ഇടക്കൊച്ചിയിലുള്ള അവരുടെ മൈനർ സെമിനാരിയിലായിരുന്നു താമസം. രണ്ടാമത്തെ വരവിൽ ആലുവ, ഇടക്കൊച്ചി, കോഴിക്കോട് എന്നീ സ്ഥലങ്ങൾക്കു പുറമേ, തമിഴ്നാട്ടിലുള്ള പൊള്ളാച്ചിയിലെ ആശ്രമവും സന്ദർശിച്ചു.

**നമുക്കു മുമ്പിൽ**
**പ്രത്യാശയുടെ നാളുകൾ**

ലെയോ പതിന്നാലാമൻ പാപ്പയുടെ മുഖത്തു സ്ഫുരിക്കുന്ന ദൃഢനിശ്ചയവും പ്രത്യാശയും ആത്മവിശ്വാസവും ലോകം മുഴുവനും വലിയ പ്രത്യാശ നല്കുന്നുണ്ട്. മനുഷ്യകുലം ഒന്നാകെ കാതോർക്കുന്ന ധാർമികതയുടെ ശബ്ദമാണല്ലോ മാർപാപ്പയുടേത്. തിരക്കുപിടിച്ച ദിവസങ്ങളാണു പുതിയ പാപ്പയ്ക്കു മുമ്പിലുള്ളത്. 2025 വിശുദ്ധവത്സരമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് നിരവധി പരിപാടികൾ വിഭാവനം ചെയ്യപ്പെട്ടിട്ടുണ്ട്. നിഖ്യാസൂനഹദോസിന്റെ 1700-ാമത് വാർഷികാഘോഷത്തിന്റെ ഭാഗമായി തുർക്കിയിലെ നിഖ്യായിലേക്കു യാത്ര ചെയ്യാനും കോൺസ്റ്റാന്റിനോപ്പിളിലെ എക്യുമെനിക്കൽ പാത്രിയർക്കീസ് ബർത്തലോമ്യായോടൊപ്പം ആഘോഷിക്കാനും ഫ്രാൻസിസ് പാപ്പ ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. ദീർഘകാലം മിഷനറിയായി ജീവിച്ചു സുവിശേഷം പങ്കുവയ്ക്കുന്നതിന്റെ ആനന്ദം നേരിട്ടനുഭവിച്ച ലെയോ പതിന്നാലാമൻ പാപ്പ നവസുവിശേഷവത്കരണത്തിനും പ്രേഷിതപ്രവർത്തനങ്ങൾക്കും പുതിയ മാനങ്ങൾ നല്കുമെന്നതു തീർച്ച. ■

# ഈശോയോടൊത്ത് തിടുക്കത്തിൽ സഞ്ചരിക്കുക

**പാലാ രൂപത പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് പ്രവിത്താനം സെന്റ് അഗസ്റ്റിൻസ് ഫൊറോനപ്പള്ളിയങ്കണത്തിൽ സംഘടിപ്പിച്ച മിഷനറി മഹാസംഗമത്തിൽ വിശുദ്ധകുർബാനമധ്യേ പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് നല്കിയ സന്ദേശത്തിൽനിന്ന്:**



**അ**ഗ്നി അതിന്റെ ജ്വാലയിൽ നിലനിൽക്കുന്നു എന്നു പറയുന്നതുപോലെ ഒരു പ്രാദേശികസഭ നിലനിൽക്കുന്നതും വളരുന്നതും അതിന്റെ മിഷനറിസ്വഭാവത്താലാണ്. നമ്മുടെ വീടിന്റെ പ്രത്യേകത എന്താണെന്നു മനസ്സിലാക്കി നമ്മൾ ചെയ്യുന്ന കാര്യമാണ് നമ്മുടെ മിഷനറി സ്വഭാവം. വീട് നമുക്കു വേരുകൾ നല്കുന്ന സ്ഥലമാണ്. ലോകത്തിൽ നമ്മെ അടയാളപ്പെടുത്തുന്നത് വീടാണ്. സ്നേഹംകൊണ്ട് നമ്മെ വലയം ചെയ്യുന്നതു വീടാണ്. വീടുപോലെ ലോകത്തിൽ മറ്റൊരു സ്ഥലവുമില്ല. അതുകൊണ്ടാണ് ഇവിടെ മൂവായിരത്തിലധികം പ്രേഷിതർ സംഗമിച്ചിരിക്കുന്നത്. പാലാപോലെ നമുക്കൊരു വീട് വേറേ ഒന്നുമില്ല. വടക്കേന്ത്യയിൽനിന്നും ഇന്ത്യയ്ക്കു പുറത്തുള്ള രാജ്യങ്ങളിൽനിന്നുമെല്ലാം നമ്മുടെ മക്കൾ ഇവിടെ വന്ന് ഈ ദിവസത്തിനുവേണ്ടി നോക്കിപ്പാർത്തു കഴിയുകയായിരുന്നു. അങ്ങനെ കർത്താവ് നമുക്കു നൽകിയ സുവിശേഷം ലോകത്തിന്റെ അതിർത്തികൾവരെ എത്തിച്ചതിലുള്ള സന്തോഷമാണ് ഇന്ന് ഈ പരിശുദ്ധകുർബാനയിൽ നമ്മൾ കണ്ടെത്തുന്നത്. മിഷൻ പ്രവർത്തനത്തെക്കുറിച്ച് വളരെയേറെ സംസാരിച്ച പരിശുദ്ധ പിതാവായിരുന്നു ഫ്രാൻസിസ് പാപ്പാ. മിഷനറി അല്ലെങ്കിൽ ക്രൈസ്തവനെന്ന പേരിനുപോലും നാം അർഹനല്ല എന്നു പിതാവ് നമ്മെ പഠിപ്പിച്ചു. ഇപ്പോഴത്തെ പരിശുദ്ധപിതാവ് ലെയോ പതിന്നാലാമൻ മിഷൻദൗത്യത്തെക്കുറിച്ച് ഈ ചുരുങ്ങിയ ദിവസത്തിനുള്ളിൽത്തന്നെ പലതവണ നമ്മെ പഠിപ്പിച്ചു.

അത്യപൂർവമായ പരിചയസമ്പത്തും ഭാഷാമികവുമുള്ള ഒരു പരിശുദ്ധപിതാവിനെയാണ് നമുക്കു ലഭിച്ചിരിക്കുന്നത്. അഗസ്റ്റീനിയൻ പാരമ്പര്യവും ലെയോ എന്ന പേരു തിരഞ്ഞെടുക്കലും പിതാവ് തന്റെ ശുശ്രൂഷയിൽ എന്താണു ചെയ്യാനാഗ്രഹിക്കുന്നത്, ആരെയൊക്കെയാണ് കൂട്ടുപിടിക്കുന്നത് എന്നുള്ളതിന്റെയെല്ലാം തെളിവുകൾ കൂടിയാണ്. ഒരു മിഷനറി സഭയ്ക്കുമാത്രമാണ് ഭാവിയുള്ളത് എന്നു ഫ്രാൻസിസ് പിതാവ് ആവർത്തിച്ചുപറഞ്ഞു. നമ്മൾ ജീവനില്ലാത്ത ഇഷ്ടികപോലെയല്ല, ജീവനുള്ള കല്ലുകളാവണം. അങ്ങനെ സഭയുടെ കോൺസ്റ്റിറ്റ്യൂഷനായിട്ട് നമ്മൾ മാറണമെന്ന് ഫ്രാൻസിസ് പിതാവ് വൈദികരായ നമ്മെക്കുറിച്ചു പറഞ്ഞത് നമുക്കു മറക്കാതിരിക്കാം.

വളരെയേറെ സാധ്യതകളുള്ള ഒരു അപ്പസ്തോലികസഭയാണ് നമ്മൾ; ചരിത്രപരമായും ദൈവശാസ്ത്രപരമായും ഈശോയുടെ പ്രവർത്തനമേഖലകളിലേക്ക് ഇനിയും ധാരാളം മിഷനറിമാരെ ആവശ്യമുണ്ട്. അതേക്കുറിച്ച് വി. ജെറോം പറഞ്ഞു: The potential believers are many. But the well prepared apostolic leaders are very few. വിളവ് വളരെയാണ്. നല്ലപോലെ ഒരുക്കപ്പെട്ട, അപ്പസ്തോലികമായ ചൈതന്യമുള്ള നേതാക്കന്മാർ വളരെ ചുരുക്കമാണ്. അദ്ദേഹം അതോടു കൂട്ടിച്ചേർത്തു പറഞ്ഞു: ഹൃദയത്തിൽ വാർധക്യം പ്രാപിച്ച വൈദികരെക്കൊണ്ട് മിഷനറിശുശ്രൂഷകൾ അസാധ്യമാണ്. ഞായറാഴ്ചകളുടെ പ്രാധാന്യം സംരക്ഷിച്ചാലേ മിഷനെ സംരക്ഷിക്കാൻ പറ്റുകയുള്ളൂ എന്ന് പാപ്പാ ലൂചിയാനി ആവർത്തിച്ചുപറഞ്ഞിട്ടുണ്ട്. ചിലപ്പോഴെങ്കിലും നമ്മൾ മറന്നുപൊയ്ക്കൊണ്ടിരിക്കുന്ന ഒരു കാര്യംകൂടിയാണിത്. കർത്താവിന്റെ വചനം ലോകം മുഴുവനും എത്തിക്കാനായി നാം കൂടുതൽ ജാഗ്രത്തായിരിക്കണം. തോമസ് മേനാംപറമ്പിൽ പിതാവ് പലപ്പോഴും എഴുതുകയും പറയുകയും ചെയ്തിട്ടുള്ള ഒരു കാര്യമുണ്ട്: മർമറിങ് അല്ല നമുക്കു വേണ്ടത്; പ്രത്യുത, വിസ്പറിങ്ങാണ്. നമ്മൾ കൊതിക്കെറുവു പറയുകയോ മുഖം വീർപ്പിക്കുകയോ ചെയ്യാതെ ഈശോയെക്കുറിച്ചു സൗമ്യമായി സംസാരിക്കാൻ പഠിക്കുക. അഗസ്റ്റിൻ ചരണകുന്നേൽപിതാവും അനേകം തവണ പറഞ്ഞിട്ടുണ്ട്, പരിശുദ്ധനായ മിഷനറിയാകണം ഓരോ വൈദികനും എന്ന്. ഒരുപാട് വഴിത്തിരിവുകൾ നമ്മുടെ ജീവിതത്തിലുണ്ടാവാം. പക്ഷേ, ഈശോയുടെ പരിശുദ്ധി അറിഞ്ഞാൽ ഇത് നമുക്കൊരു പ്രയാസവുമുണ്ടാക്കില്ല.

വേദശാസ്ത്രികൾ മധ്യകാലഘട്ടത്തിൽ പറഞ്ഞു, Repair my church എന്ന സ്വരം പരിശുദ്ധനായ ഫ്രാൻസിസ് അസ്സീസി കേട്ടതിന്റെ അർഥം Prepare for a missionary church എന്നാണ് എന്ന്. അതിന്റെ കാരണം റാറ്റ്സിംഗർ പിതാവിന്റെ ഗ്രന്ഥത്തിൽനിന്ന് നമുക്കു മനസ്സിലാക്കാം. The church is always weak. But Lord is always strong. കർത്താവ് എന്നും ശക്തിയുള്ളവനാണ്. അതുകൊണ്ട് സഭയുടെ റിപ്പയറിങ് എപ്പോഴും നമുക്ക് preparing ആയിരിക്കണം; ഒരു നല്ല മിഷൻ വൈദികനാകാൻ. നമ്മുടെ രൂപതയിൽനിന്നുള്ള നൂറുകണക്കിന് വൈദികരാണ് ഇന്നിവിടെ എത്തിയിരിക്കുന്നത്. ദൈവവചനം കൂടുതലായി നമ്മൾ പഠിക്കുകയും ഉൾക്കൊള്ളുകകയും ചെയ്യേണ്ടതുണ്ട്. ആംഗ്ലിക്കൻ ആർച്ചുബിഷപ് ആയിരുന്ന വില്യം ഒരിക്കൽ പറഞ്ഞു: It is Bible, It is the only club founded for the people. Who do not belong to it. ജനങ്ങൾക്കുവേണ്ടിയുള്ള ഏക കൂടിവരവ് – ക്ലബ് – സുവിശേഷങ്ങളാണ്. പക്ഷേ, ആ ക്ലബിൽ ചേരാൻ ആളുകൾ നന്നേ കുറവാണ്. നമ്മുടെ ജീവിതം മുഴുവനും മിഷനറിമാരായി സഭയിൽ ശുശ്രൂഷ ചെയ്യേണ്ട ഒരു ആവേശത്തിലാണ് നാം ഇവിടെ ആയിരിക്കുന്നത്. ഓരോ നിമിഷവും നമ്മൾ മിഷനറിമാരാണ്. സെന്റ് ആൻസിൽ ഒരിക്കൽ എഴുതി: God had to get dirty. മനുഷ്യാവതാരംവഴി ദൈവം തന്നെയും മോശമായിട്ടുണ്ട്. മനുഷ്യത്വം ധരിച്ച്, പുൽക്കൂട്ടിൽ പിറന്ന്, ആടുമാടുകളുടെ കൂട്ടത്തിൽ ജീവിച്ച്, ദരിദ്രനായി ജീവിച്ച്, പാവപ്പെട്ടവരുടെകൂടെ ഇരുന്ന് എല്ലാം ദൈവംതന്നെ മോശമായിട്ടുണ്ട്. ആ കൂട്ടത്തിലേക്കാണ് നമ്മളും ശുശ്രൂഷകരായി ഇറങ്ങേണ്ടത്. അതുകൊണ്ടായിരിക്കണം, പാപ്പാ ലെയോ പതിന്നാലാമൻ കഴിഞ്ഞ ദിവസം പറഞ്ഞത്, ഞാൻ അഗസ്റ്റിന്റെ മകനാണ് എന്ന്. ഞാൻ അഗസ്റ്റിന്റെ വാക്കുകൾ ഓർക്കുകയാണ്: “നിങ്ങൾക്കൊപ്പം ഞാനൊരു ക്രൈസ്തവനാണ്. നിങ്ങൾക്കുവേണ്ടി ഞാനൊരു മെത്രാനാണ്.’’ ആ ഏറ്റുപറച്ചിലിൽ ആത്മീയമായിട്ടുള്ള എല്ലാ കാര്യങ്ങളും നമ്മുടെ ശുശ്രൂഷകളിൽ നമുക്കു പറ്റാവുന്ന വീഴ്ചകളുമെല്ലാം പുതിയ പരിശുദ്ധ പിതാവ് നമുക്കുവേണ്ടി പറഞ്ഞുതന്നിട്ടുണ്ട്. ഇന്നു നാം കേട്ട ലൂക്കായുടെ പരിശുദ്ധസുവിശേഷം ഒന്നാമധ്യായത്തിൽ നിന്നാണ്. പരിശുദ്ധ അമ്മ ഇളയമ്മയെ സന്ദർശിക്കുന്ന കാര്യം. ഫ്രാൻസിസ് പരിശുദ്ധ പിതാവ് പലപ്പോഴും പറഞ്ഞുവച്ചു: “ഇതാണ് ആദ്യത്തെ മിഷനറിയാത്ര.” ഈശോയെ ഉദരത്തിൽ ഇട്ടുകൊണ്ട്, ഉദരത്തിൽ യോഹന്നാനെ സൂക്ഷിക്കുന്ന ഇളയമ്മയുടെ പക്കലേക്കുള്ള ആ യാത്ര. അതാണ് ആദ്യത്തെ മിഷനറിയാത്ര. ഫ്രാൻസിസ് പിതാവ് പറഞ്ഞിട്ടുണ്ട്: “അവസാനത്തെ മിഷനറിയാത്രയും ഇതായിരിക്കണം. ഈശോയെക്കൊണ്ട് നമ്മൾ യാത്ര ചെയ്യണം. ആദ്യത്തെയും അവസാനത്തെയും ആയ മിഷൻ കാതൽ അതാണ്, വീണ്ടും നമ്മൾ കാണുന്നു: മറിയം തിടുക്കത്തിൽ പോയി. വളരെ വേഗത്തിൽ കൊച്ചായിരുന്നപ്പോൾത്തന്നെ മിഷൻമേഖലയിലേക്കു പോയവരാണ് നമ്മളെല്ലാവരുംതന്നെ. തിടുക്കത്തിലുള്ള യാത്ര ആത്മാവിന്റെ പ്രവർത്തനമാണ്.

സെന്റ് അംബ്രോസ് പറയുന്നു: Holy spirit knows nothing slow. പിന്നെയാട്ടെ, നാളെയാട്ടെ, സാവകാശമാട്ടെ എന്ന് ആത്മാവ് ഒരിക്കലും പറയുന്നില്ല. മറിയത്തിന്റെ യാത്ര സ്വാഭാവികമായിട്ടുള്ള ഒരു യാത്രയായിരുന്നു. മറിയത്തെ ആരും നിർബന്ധിച്ചതല്ല. ‘നീ ഒന്നു പോയിക്കാണ് ഇളയമ്മ വളരെ പ്രയാസപ്പെട്ടിരിക്കുകയാണല്ലോ.’ ആരും അങ്ങനെ പറഞ്ഞിട്ടുണ്ടാവില്ല. നമ്മളും ഏതാണ്ട് അതുപോലെയാണല്ലോ യാത്രയായത്. സ്വാഭാവികമായി എനിക്കും ഒരു മിഷനറിവൈദികനാകണമെന്ന ചൈതന്യം സ്വീകരിച്ചുകൊണ്ടാണിറങ്ങിപ്പുറപ്പെട്ടത്. ഒരു മിനി പെന്തക്കോസ്തായിരുന്നു അവരുടെ കണ്ടുമുട്ടൽ എന്നു നമുക്കു കാണാം. അവർ ആത്മാവുകൊണ്ട് നിറയുകയാണ്. അവരുടെ ഉദരസ്ഥശിശുക്കൾ കുതിച്ചുചാടുകയാണ്. മിഷൻ രംഗത്തു ചെല്ലുമ്പോൾ എന്തു വലിയ സന്തോഷമാണ്! പാലാ രൂപതയിലും അദിലാബാദിലും ഗുജറാത്തിലും തമിഴ്നാട്ടിലുമൊക്കെ ചെറിയ തോതിലെങ്കിലും നാം മിഷൻപ്രവർത്തനം നടത്തുന്നുണ്ട്. അവർക്കെല്ലാം വലിയ സന്തോഷമാണ്; നമ്മളെക്കാണുമ്പോൾ, നമ്മളെ കേൾക്കുമ്പോൾ. ആ ഒരു കുതിപ്പാണ് ഇവിടെയും കാണുന്നത്. ഉള്ളിൽ സന്തോഷം നിറഞ്ഞപ്പോൾ അതു പങ്കുവയ്ക്കണമെന്നു മറിയത്തിനു തോന്നി. ഓരോ മിഷനറിയും ഉള്ളിലുള്ള ഈശോയെ കൊടുക്കുമ്പോഴാണ് സന്തോഷംകൊണ്ടു നിറയുന്നത്. ഉള്ളിൽ സന്തോഷം നിറയുമ്പോൾമാത്രമേ തിടുക്കത്തിൽ പോകാൻ നമുക്കു താത്പര്യമുണ്ടാവൂ; മലകൾ കയറിയിറങ്ങാൻ താത്പര്യമുണ്ടാവൂ. മൂന്നുമാസത്തോളം മറിയം അവിടെ താമസിച്ചു. വെറും വൈകാരികമായ ഒരു സന്ദർശനമല്ലായിരുന്നു അത്. ഒന്നുരണ്ടുദിവസം കഴിഞ്ഞ് വിശ്രമിച്ചിട്ടു പോരാം എന്നല്ല, അമ്മ കരുതിയത്; മറിച്ച്, വലിയൊരു ശുശ്രൂഷയാണ്. നിങ്ങളും അതുതന്നെയാണ്. ആയുഷ്കാലം മുഴുവൻ മിഷനിൽ താമസിച്ചു മരിക്കണം എന്നു കരുതുന്ന അച്ചന്മാരും സിസ്റ്റേഴ്സുമാണ് നിങ്ങൾ എല്ലാവരും. അവിടെ ഇളയമ്മ പറഞ്ഞ കാര്യം ഓർക്കുക: “എന്റെ കർത്താവിന്റെ അമ്മ എന്റെ പക്കൽ വരാൻ എനിക്കെന്തു യോഗ്യത?” സഭയിലെ ഏറ്റവും വലിയ ഡോഗ്മായാണത്: കർത്താവിന്റെ അമ്മ. നാലു നൂറ്റാണ്ടുകൾ കഴിഞ്ഞ് കൗൺസിൽ ഓഫ് എഫേസൂസ് പഠിപ്പിച്ച ഒരു കാര്യമാണ്. ആരും പഠിപ്പിക്കാതെ ഇളയമ്മയ്ക്കു തോന്നി, ഇതു കർത്താവിന്റെ അമ്മയാണ്. എത്രയോ വലിയ ഒരു ഉൾക്കാഴ്ചയാണത്! സഭ എക്കാലവും കാത്തുസൂക്ഷിക്കുന്ന, അതിമനോഹരമായ ഒരു പ്രബോധനം. അതുപോലെതന്നെ, വിശ്വസിച്ചവൾ ഭാഗ്യവതി. ദൈവത്തിന്റെ മാലാഖ പറഞ്ഞത് വിശ്വസിച്ചതുകൊണ്ടാണ് നിനക്ക് ഈ കാര്യങ്ങളെല്ലാം ഉൾക്കൊള്ളാനും മനസ്സിലാക്കാനും സാധിച്ചത് എന്നാണ്. ദൈവം നിരന്തരം യാത്രയിലാണ് – നമ്മളിലൂടെ, നിങ്ങളിലൂടെ. ഫ്രാൻസിസ് പിതാവു പറയുമായിരുന്നു: God is always on tour. എപ്പോഴും ആളുകളുടെ കൂട്ടത്തിൽ നമ്മൾ നടക്കുമ്പോഴാണ് മിഷനറിമാരാകുന്നത്; കർത്താവിനെ കൊടുക്കാൻ നമുക്കു സാധിക്കുന്നത്. തീക്ഷ്ണതയുള്ള മനസ്സോടുകൂടി മിഷനറിമാരാകണമെന്ന് കഴിഞ്ഞദിവസം ലെയോ മാർപാപ്പാ പറയുകയുണ്ടായി. നമ്മൾ പ്രാർഥിക്കുന്ന മാതാപിതാക്കളുള്ള ഒരു രൂപതയാണ് നമ്മുടേത്. പാലാ രൂപത ചർച്ച് ഓൺ ഫയർ എന്ന് എല്ലാ അർഥത്തിലും വിശേഷിപ്പിക്കാവുന്ന ഒരു രൂപതയാണ്. ഏറെ പ്രാർഥിക്കുന്ന അപ്പച്ചന്മാരും അമ്മച്ചിമാരും വീട്ടിലുള്ളതുകൊണ്ടാണ് നമുക്കിത്രയും മിഷനറിമാരെ കിട്ടിയത്. നമ്മുടെ മിഷനറി യാത്ര വലിയൊരു കയറ്റമാണ്. ഈശോയെ കൂട്ടത്തിൽ കൊണ്ടു നടക്കുന്നതുകൊണ്ടാണത് സഫലമാകുന്നത്.

■

# ഓടയിൽ വീണാൽ

കഥ
എസ്. ബി. പണിക്കർ

ഇടത്തെ ചുമലിൽ ഏണിയും വലത്തെ ചുമലിൽ പിന്നോട്ടു തൂക്കിയിട്ടിരിക്കുന്ന കൊടുവാളുമായി റോഡിന്റെ വലത്തേ അരികുപറ്റി നടന്നു പോകുമ്പോഴാണ് പോസ്റ്റുമാൻ പിന്നാലെയെത്തി സഡൻബ്രേക്കിട്ടു സൈക്കിൾ നിർത്തുന്നത്.

കേശവാ, ഒരു കത്തുണ്ട്.

തനിക്കിപ്പോൾ ആരു കത്തെഴുതാനാണ് എന്നായിരുന്നു അയാൾക്കു പെട്ടെന്നുണ്ടായ ചിന്ത.

ദാ, ഇവിടെ ഒപ്പിട്!

കത്ത് രജിസ്റ്റർ ആണ്. സംശയത്തോടെ കത്തുവാങ്ങി മേൽവിലാസം നോക്കി.

കേശവൻ പി.കെ., പള്ളിത്താഴത്ത്. ഇത്രയും വായിച്ചതേ നിർത്തി. കത്തു തനിക്കുള്ളതു തന്നെ എന്നുറപ്പിച്ചു.

എഴുത്തുമായി നേരേ പോയതു വലത്തുവശത്തുള്ള കൃഷ്ണപിള്ളയുടെ ചായക്കടയിലേക്കായിരുന്നു. തിരക്കില്ലാതെ അലസമായി നിന്നിരുന്ന കൃഷ്ണപിള്ളയുടെ കൈയിൽ കത്തുകൊടുത്തിട്ടു പറഞ്ഞു:

ഇതൊന്നു പൊട്ടിച്ചു വായിക്കാമോ?

കത്തുപൊട്ടിച്ച് അയാൾ ഇപ്രകാരം വായിച്ചു:

പ്രിയ സുഹൃത്തേ, കഴിഞ്ഞയാഴ്ചയാണല്ലോ നമ്മൾ തമ്മിൽ അവിചാരിതമായി പരിചയപ്പെട്ടത്. വീണുകിടന്നിരുന്ന എന്നെ സഹായിച്ചതിന് ഒരിക്കൽക്കൂടി നന്ദി പറയട്ടെ. എനിക്കു വീഴ്ചയിൽ കാര്യമായി പരിക്കൊന്നും പറ്റിയിരുന്നില്ല. എക്സ്റേ എടുത്തുനോക്കി. പിന്നെ മറ്റൊന്ന്, ഈ കത്തിനോടുകൂടിയുള്ള ചെക്കു സ്വീകരിക്കൂ.

പതുക്കെയാണ് ഓർമകൾ അരിച്ചെത്തിയത്. ഒരാഴ്ച മുമ്പു നടന്ന സംഭവത്തിന്റെ ശകലങ്ങൾ അയാൾ കൂട്ടിച്ചേർത്തു വായിച്ചു.

കൃഷ്ണപിള്ളയുടെ ചായക്കട കടന്നുകഴിഞ്ഞപ്പോഴാണ് ആ കാഴ്ച കണ്ടത്. അങ്ങോട്ടുമിങ്ങോട്ടും വാഹനങ്ങൾ ചീറിപ്പായുന്നു. പെട്ടെന്നു കണ്ടത് ഒരു സ്വകാര്യബസ് ഇടത്തുവശത്തുകൂടി കൊടുംവളവുതിരിഞ്ഞ് മിന്നൽ പോലെ പാഞ്ഞുപോകുന്നതാണ്. ഏതാനും നിമിഷം കഴിഞ്ഞ് കാനയിൽനിന്ന് ഒരു മനുഷ്യൻ ഇരുകൈകളും നീട്ടി ആരോടെന്നില്ലാതെ സഹായത്തിനു വിളിക്കുന്നു. അയാൾ ഇരുകൈകളും മണ്ണിലമർത്തി റോഡിലേക്കു കയറിപ്പറ്റാനുള്ള പരിശ്രമത്തിലാണ്; ഒരെഴുപതു വയസ്സു തോന്നിക്കും.

ബസ്സിടിച്ച് ഓടയിലേക്കു വീണതാവാം എന്നൂഹിച്ചു. അഞ്ചടിയോളം താഴ്ച കാണും. വള്ളിപ്പടർപ്പും പുല്ലും ചപ്പുചവറുകളും കൊണ്ട് ഓട മുക്കാലും മൂടിക്കിടപ്പാണ്. ചപ്പുചവറുകൾക്കുള്ളിൽ എന്തെല്ലാമുണ്ടെന്ന് അറിയില്ല. നമ്മുടെ നാട്ടിലെ ഓടകളല്ലേ, കുപ്പിച്ചില്ലുകളും പ്ലാസ്റ്റിക് കഷണങ്ങളും തകരക്കഷണങ്ങളും കൊതുകുകൾ അളയ്ക്കുന്ന മലിനജലവുമെല്ലാം ഉറപ്പായും കാണും. കരിമൂർഖൻ തുടങ്ങിയ ഇഴജന്തുക്കളും കണ്ടേക്കും.

കേശവൻ വേഗം ഏണിയും വാക്കത്തിയും റോഡരികിൽ ഇട്ടിട്ട് ഓടിച്ചെന്നു. വൃദ്ധനെ ഓടയിൽനിന്നു കയറാൻ സഹായിച്ചു. കാലുകളിലും കൈമുട്ടുകളിലും അവിടവിടെ



തൊലി പോയി ചോര വരുന്നുണ്ട്.

വൃദ്ധൻ കിതപ്പോടെയും ഭയത്തോടെയും സംഭവം ഒരുവിധം പറഞ്ഞൊപ്പിച്ചു: വണ്ടിയിടിച്ചു വീണതല്ല ഞാൻ; ഓടയിലേക്കു ചാടിയതാണ്. ബസ് വളവു തിരിഞ്ഞു വന്നപ്പോൾ എതിരേ വന്ന വണ്ടിക്കു സൈഡ് കൊടുത്തതാവാം. ബസ് എന്നെ ഇടിക്കുമെന്ന് ഉറപ്പായിരുന്നു. ഞാൻ നിന്നിരുന്നതോ കാനയുടെ വക്കത്തുതന്നെ. വിപദിധൈര്യം എന്നെ അതു ചെയ്യിച്ചു.

അയാൾ നെടുവീർപ്പിട്ടു. ഒരു ഓട്ടോറിക്ഷയ്ക്കു പോകാനുള്ള വീതിയല്ലേ റോഡിനുള്ളൂ. അതിലെയാണ് ഇരുവശത്തുനിന്നുമായി ബസ്സും കാറും ടിപ്പർ ലോറിയുമെല്ലാം ചീറിപ്പായുന്നത്. എല്ലാവർക്കും വഴി വേണം. വീതി കൂട്ടാൻ ഒരിഞ്ചു ഭൂമി വിട്ടു കൊടുക്കില്ല. എന്തൊരു മനുഷ്യർ! ഉള്ളവരാണ് ഒട്ടും കൊടുക്കാത്തത്. ദരിദ്രവാസികൾ എത്രയോ ഭേദം!

തിക്താനുഭവം നേരിട്ട അദ്ദേഹത്തിന്റെ വാക്കുകളിൽ ധാർമികരോഷം കവിഞ്ഞൊഴുകി.

ബഹളം കേട്ടു ചായക്കടക്കാരനും മറ്റു രണ്ടുമൂന്നു പേരും വാതിൽക്കൽ വന്ന് എത്തിനോക്കുന്നുണ്ടായിരുന്നു.

കേശവൻ സമാധാനിച്ചു: അതുപോട്ടെ, ജീവൻ തിരിച്ചും കിട്ടിയല്ലോ. ചായക്കടയിൽച്ചെന്നു കൈകാലുകൾ വൃത്തിയാക്കാം. കണ്ടില്ലേ, മുണ്ടും ഉടുപ്പുമെല്ലാം ചെളിയായിട്ടുണ്ട്. പരിചയമുള്ള കടയാണ്... വരൂ, എന്നിട്ട് ആശുപത്രിയിൽ പോകാം.

കാലിൽ കുപ്പിച്ചില്ലു കുത്തിക്കയറിയില്ലല്ലോ. അതു ഭാഗ്യം. വൃദ്ധൻ സമാധാനിച്ചു.

നിങ്ങൾ സഹായിച്ചില്ലെങ്കിൽ ഞാനിപ്പോഴും ഓടയിൽക്കിടന്നു കൈകാലിട്ടടിക്കുമായിരുന്നു. നോക്കിയിട്ടു ചവിട്ടിക്കുതിച്ചു കയറാൻ പറ്റിയില്ല.

കൃഷ്ണപിള്ള ച്ചേട്ടാ, രണ്ടു ചായ വേണം. കൃഷ്ണപിള്ള ചായ എടുക്കാൻ അകത്തേക്കു കയറുമ്പോൾ സ്വകാര്യമായി കേശവനോടു പറയുന്നുണ്ടായിരുന്നു: ബസ് ഇടിച്ചുതെറിപ്പിച്ചു വീണതാണെന്നു ഞങ്ങളൊക്കെ കരുതി. എന്തിനു പൊല്ലാപ്പിനൊക്കെ പോണം. അതുകൊണ്ടാണു ഞങ്ങളാരും...

അപ്പോൾ അതാണു കാര്യം. ബസ്സിടിച്ചില്ലായിരുന്നെങ്കിൽ അവർ സഹായിക്കാനെത്തുമായിരുന്നു. ഇങ്ങനെ എത്രയെത്ര വാർത്തകൾ!

ചായക്കടയിലിരുന്ന് ഇരുവരും ചായ കുടിച്ചു.

നിങ്ങളുടെ പേര്?

ചന്ദ്രകുമാർ! പരിക്കുപറ്റിയ വൃദ്ധൻ പറഞ്ഞു.

അയാൾ കുറച്ചുകൂടി വിശദീകരിച്ചു: ഇവിടെനിന്നു പെരുമ്പാവൂർ ടൗണിൽ അരക്കിലോമീറ്റർ മാറി അമ്പലപ്പടിയിൽനിന്നാണു വന്നത്. അവിടെയാണ് മകളെ വിവാഹം കഴിച്ചുവിട്ടിരിക്കുന്ന വീട്. ഇന്നലെ വന്നു. കുറച്ചു പച്ചക്കറി വാങ്ങാമെന്നു കരുതി ഇറങ്ങിയതാണ്. പച്ചക്കറിയും കിറ്റും ഓടയിൽ കാണും. ഞാൻ കൃഷിവകുപ്പിൽ നിന്നു പെൻഷൻ പറ്റിയ ആളാണ്, ങാ, നിങ്ങടെ അഡ്രസ് തരുമോ?

ഇത്രയും ചോദിച്ചുകൊണ്ട് ചന്ദ്രകുമാർ കൗണ്ടറിലേക്കു നടന്നു.

കേശവൻ പറഞ്ഞു: ഞാൻ കൊടുക്കാം.

ചന്ദ്രകുമാർ നന്ദി പറഞ്ഞു പിരിഞ്ഞു. കേശവൻ ഓർത്തു...

കൃഷ്ണപിള്ള കത്തിന്റെ അവസാനഭാഗത്തെത്തി. ഒരു സഹായധനം നല്കുന്നു. മറ്റൊന്നും ചിന്തിക്കരുത്. ഇതോടൊപ്പമുള്ള ചെക്കു സ്വീകരിക്കണം. എവിടെയെങ്കിലും രണ്ടു മൂന്നു സെന്റു സ്ഥലം വാങ്ങണം. കഴിവുള്ളപോലെ കുട്ടികൾക്കു വിദ്യാഭ്യാസം നല്കണം. ഇനിയും ബന്ധപ്പെടാം, നല്ലതുവരട്ടെ!

ചെക്കിൽ എഴുതിയിരിക്കുന്നതു കൃഷ്ണപിള്ള വായിച്ചു: പത്തുലക്ഷം.

വിശ്വാസം വരാതെ കണ്ണുകളടച്ചുതുറന്ന് അയാളതു വീണ്ടും വീണ്ടും വായിച്ചുനോക്കി. പത്തുലക്ഷംതന്നെ... തുക ഇംഗ്ലീഷിൽ എഴുതിയിരിക്കുന്നു.

ടെൻ ലാക്സ് ഒൺലി.

കൃഷ്ണപിള്ളയുടെ മനസ്സിൽ യോജിപ്പിക്കാൻ പ്രയാസപ്പെടുന്ന എന്തൊക്കെയോ ചിന്തകൾ അലതല്ലുന്നുണ്ടായിരുന്നു. അയാളുടെ ദീർഘനിശ്വാസം കേട്ടാലറിയാം. നെഞ്ച് ഉയർന്നുതാഴുന്നു...

അയാൾ ഒരു വശത്തേക്കു മറിഞ്ഞുവീഴുന്നതാണ് പിന്നെ ആളുകൾ കണ്ടത്.

■



കവിത
അശോകൻ പുത്തൂർ

## മഴതോർന്ന് വെയിൽചായും മൂവന്തികൾക്കപ്പുറം

മഴതോർന്ന് വെയിൽചായും മൂവന്തിയോരം
മറുമൊഴിയോതിപ്പിരിയവേ
നെഞ്ചിറമ്പിൽ ഇന്നുമുണ്ടോമനേ
നിൻ ചെന്താർമിഴിയിൽപ്പൂത്ത
നോവിൻപൂവാകകൾ

ഇടിമിന്നൽ കണക്കേ എവിടെവച്ചെങ്കിലും കാൺകെ
ഉരിയാടിയില്ലൊന്നുമേ സുഖദുഃഖചെയ്തികൾ
എങ്കിലും നിന്റെ ഓർമ്മകൾ പ്രണയത്തിനക്കരെ
കർണികാരംപോൽ കരൾതളികയിലുണ്ടിന്നും
എന്നും കണികണ്ടുണരുവാൻ

കണ്ണുനീർ ചെമ്പിലുപ്പിട്ടു പണ്ടെത്ര
സങ്കടങ്ങൾ കുടിച്ചു വറ്റിച്ചു നാം
ഒറ്റവാക്കിന്റെ മിന്നലിൽ പൂത്തതാം
എത്ര നോവുകൾ നിരാശകൾ ഓമനേ

ജീവിതമൊക്കെ പിഴയ്ക്കിലും പ്രണയമേ
നിന്നെമാത്രം പഴിക്കില്ലൊരിക്കലും
സമയമാകുന്നു പോകുവാൻ കാലത്തിൻ
വണ്ടികാത്തു കിടപ്പൂ പടിക്കലായ്

മരണത്തണുപ്പിലും കൂട്ടുപോരും
ചെത്തിയും ചെമ്പകപ്പൂമണങ്ങൾ
ഒന്നിച്ചു പങ്കിട്ട പാട്ടോർമ്മകൾ
നാട്ടുമണങ്ങൾ കളിക്കൂട്ടുകൾ

ഒരു പൂമണത്തിൽ നാം വീണ്ടുമോർക്കെ
ഒരു കിളിത്തെല്ലിൽ പിടഞ്ഞുവീഴ്കെ
മൃതിപ്പാട്ടിന്നീണത്തഴപ്പായയിൽ
താങ്ങിക്കിടത്തുമാ ഓർമ്മ ചെമ്മേ

ചുടലയുടെ പടുതിയിൽ മൃതിയിലും പൂക്കും
ചെന്നിണച്ചെടിയാണ് നമ്മൾ
ഇനിവരും ജന്മത്തിലെങ്കിലും ദൈവമേ
കനലിൽ നട്ടുവയ്ക്കല്ലേ.

**ലഹരിയുപയോഗവും ശിക്ഷാനടപടികളും**

# ജീവിതം പാഴ്ജന്മമാകാതിരിക്കാൻ



അഡ്വ. ചാർളി പോൾ

ലഹരിമരുന്നിന്റെ ഉപയോഗവും വിതരണവും സൂക്ഷിപ്പും കുറ്റകൃത്യമാണ്. പിടിക്കപ്പെട്ടാൽ ശിക്ഷയും ഉറപ്പാണ്.

ചെറിയ അളവിൽ ലഹരി പിടികൂടിയാൽ പൊലീസ് സ്റ്റേഷനിൽനിന്നു ജാമ്യം ലഭിക്കും. പക്ഷേ, പിന്നീട് കോടതിയിൽ ഹാജരായി കുറ്റം സമ്മതിച്ച് പിഴ അടയ്ക്കേണ്ടതുണ്ട്. ഈ കുറ്റസമ്മതവും ഫൈനടച്ചതും ശിക്ഷയായിട്ടാണു കണക്കാക്കുക. പൊലീസിന്റെ ക്രൈംറിക്കോർഡ് ബ്യൂറോയിൽനിന്ന് ശിക്ഷാവിവരങ്ങൾ ലഭിക്കും.

പൊലീസ്സ്റ്റേഷനിൽനിന്നു ജാമ്യം കിട്ടിയാൽ കാര്യങ്ങൾ കഴിഞ്ഞു എന്നു ധരിക്കരുത്. പിന്നീട് കോടതിയിൽ ഹാജരായി കുറ്റം സമ്മതിക്കുന്നതും പിഴയൊടുക്കുന്നതും ശിക്ഷപോലെതന്നെ ആയതിനാൽ ഭാവിജീവിതത്തിൽ ഇതു കരിനിഴൽ വീഴ്ത്തും. പാസ്പോർട്ടിന് അപേക്ഷിക്കുമ്പോഴും തുടർപഠനത്തിനും ഒരു ജോലിയിൽ പ്രവേശിക്കാൻ ശ്രമിക്കുമ്പോഴും വിവാഹാലോചനാസമയത്തും ഒക്കെ ഇതു ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കും. മുൻകുറ്റവാളി കുറ്റകൃത്യം ആവർത്തിക്കാനിടയുണ്ട് എന്ന രീതിയിൽ കണ്ട് ഒഴിവാക്കപ്പെടും.

ലഹരിമരുന്നുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ പിടിച്ചെടുക്കുന്ന ലഹരിമരുന്നിന്റെ അളവിന്റെ അടിസ്ഥാനത്തിൽ സാധാരണമായി മൂന്നു തരത്തിലാണ് കേസെടുക്കുക. കുറഞ്ഞ അളവ്, (സ്മാൾ ക്വാണ്ടിറ്റി) ഇടത്തരം അളവ്, (മീഡിയം ക്വാണ്ടിറ്റി) വാണിജ്യ അളവ് (കൊമേഴ്സിൽ ക്വാണ്ടിറ്റി) എന്നിങ്ങനെയാണ് തരം തിരിക്കുക.

സ്മാൾ ക്വാണ്ടിറ്റിയാണെങ്കിൽ ആറുമാസംവരെ കഠിനതടവും പതിനായിരം രൂപ വരെ പിഴയും, മീഡിയം ക്വാണ്ടിറ്റി ആണെങ്കിൽ 10 വർഷം വരെ കഠിനതടവും ഒരു ലക്ഷം രൂപ വരെ പിഴയും, ക്വമേഴ്സൽ ക്വാണ്ടിറ്റി ആണെങ്കിൽ കുറഞ്ഞത് പത്തുവർഷവും പരമാവധി 20 വർഷം വരെയും കഠിനതടവും 2 ലക്ഷം രൂപയും ആണ് ശിക്ഷ.

എൻഡിപിഎസ് ആക്ട് 37 വകുപ്പ് പ്രകാരം മയക്കുമരുന്നുകേസിൽ പിടിയിലാവുന്നവർക്ക് ജാമ്യം കിട്ടുക സാധാരണസാഹചര്യങ്ങളിൽ അസാധ്യമാണ്. എന്നാൽ, പിടിച്ചെടുത്ത മയക്കുമരുന്ന് വാണിജ്യഅളവിൽ താഴെയെങ്കിൽ പ്രതികൾക്ക് സെഷൻസ് കോടതികൾക്ക് ജാമ്യം അനുവദിക്കാം. ഓരോ മയക്കുമരുന്നിന്റെയും കാര്യത്തിലും വാണിജ്യഅളവ് വ്യത്യസ്തമാണ്. കഞ്ചാവിന്റെ കാര്യത്തിലാണെങ്കിൽ 20 കിലോയിൽ അധികമാണെങ്കിലേ വാണിജ്യ അളവാകൂ.

എം.ഡി.എം.എയുടെ കാര്യത്തിൽ പോയിന്റ് 0.2 ഗ്രാമാണ് ചെറിയ അളവ്. 0.2 മുതൽ 5 ഗ്രാം വരെ ഇടത്തരം. 5 ഗ്രാമിനു മുകളിലാണെങ്കിൽ വാണിജ്യ അളവായി.

എൽ.എസ്.ഡി. സ്റ്റാമ്പിന്റെ കാര്യത്തിൽ പോയിന്റ് 002 ആണ് ചെറിയ അളവ്. ഒരു ഗ്രാം ആയാൽ വാണിജ്യ അളവാകും.

ഹഷീഷ് ഓയിൽ ഒരു കിലോയിൽ ഏറെ വന്നാൽ വാണിജ്യഅളവാണ്. 100 ഗ്രാം മുതൽ ഒരു കിലോ വരെ ഇടത്തരം. 100 ഗ്രാം വരെ ചെറിയ കേസ്.

കൊക്കെയ്ൻ, മോർഫിൻ, ഹെറോയിൻ എന്നിവ ഉപയോഗിച്ചാൽ ഒരു വർഷം വരെ തടവും 20,000 രൂപ വരെ പിഴയുമാണു ശിക്ഷ. കുറ്റകൃത്യത്തിൽ ഉൾപ്പെട്ടവരെ സംരക്ഷിക്കുക, അവർക്ക് സാമ്പത്തികസഹായം ചെയ്യുക, കുറ്റകരമായ ക്രിമിനൽ ഗൂഢാലോചന നടത്തുക തുടങ്ങിയവയ്ക്ക് 10 മുതൽ 20 വരെ വർഷം തടവും 2 ലക്ഷം രൂപ പിഴയുമുണ്ട്.

കൊമേഴ്സ്യൽ ക്വാണ്ടിറ്റി ലഹരി മരുന്നുമായി ഒന്നിലധികം തവണ പിടിക്കപ്പെടുക, ശിക്ഷിക്കപ്പെടുകയുൾപ്പെടെ ആവർത്തിച്ചു ചെയ്യുന്ന കുറ്റകൃത്യത്തിനു വധശിക്ഷവരെ ലഭിക്കും.

മയക്കുമരുന്നിനത്തിൽപ്പെട്ട ചെടികൾ കൃഷി ചെയ്യുന്നതും കുറ്റകരമാണ്. കഞ്ചാവു ചെടി നട്ടുപിടിപ്പിച്ചാൽ പത്തു വർഷംവരെ കഠിനതടവും ഒരു ലക്ഷം രൂപവരെ പിഴയുമാണ് ശിക്ഷ. 23 വയസ്സിൽ താഴെയുള്ളവർ മദ്യം വിൽക്കുന്നതും ശിക്ഷാർഹമാണ്.



സംസ്ഥാനത്ത് പോയ വർഷം 5.04 ലക്ഷം കേസുകളാണ് പൊലീസ് രജിസ്റ്റർ ചെയ്തത്. അതിൽ 1.09 ലക്ഷം കേസുകളും ലഹരി – അബ്കാരി കേസുകളാണ്. രാസലഹരി വില്പന കുതിച്ചുയർന്നതായി എക്സൈസും പൊലീസും വ്യക്തമാക്കുന്നുണ്ട്. സിറ്റി പൊലീസ് കമ്മീഷണർമാർ, റൂറൽ ജില്ലാ പൊലീസ് മേധാവിമാർ എന്നിവരുടെ മേൽനോട്ടത്തിലുള്ള നർക്കോട്ടിക് സെൽ, ഡാൻസാഫ് എന്നിവ ശക്തിപ്പെടുത്തിയിട്ടുണ്ട്. പിടികൂടുന്ന ലഹരിയുടെ 80ശതമാനത്തോളം മെത്താംഫെറ്റമിനും എം.ഡി.എം.എ.യുമാണ്. 2024 ൽ സംസ്ഥാനത്ത് മയക്കുമരുന്നുകേസിൽ 25,517 പേരെയാണ് അറസ്റ്റു ചെയ്തത്. മറ്റു നടപടികൾ നിറുത്തിവച്ച് നിയമസഭ ഇക്കാര്യം ചർച്ച ചെയ്തു. എറണാകുളംജില്ലയിലാണ് ഏറ്റവും കൂടുതൽ നർക്കോട്ടിക് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

പതിവ് ലഹരികടത്തുകാരെ കാപ്പയ്ക്കു സമാനമായ 'പിറ്റ്' (പ്രിവൻഷൻ ഓഫ് ഇല്ലിസിറ്റ് ട്രാഫിക് ഇൻ നർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്ട്) നിയമപ്രകാരം കരുതൽതടങ്കലിലാക്കുന്നുണ്ട്. നൂറിലധികം പേരാണ് ഇത്തരത്തിൽ കരുതൽതടങ്കലിലുള്ളത്.

ലഹരിക്കെതിരേയുള്ള പൊലീസ് – എക്സൈസ് പോരാട്ടം ഇനി ഒരുമിച്ചായിരിക്കും നടക്കുന്നത്. ഇരുസേനകളുടെയും ഇന്റലിജൻസ്വിഭാഗങ്ങൾ ശേഖരിക്കുന്ന വിവരങ്ങൾ പങ്കുവയ്ക്കാനും കോൾ ഡേറ്റ, റെക്കോർഡ്, മൊബൈൽ ടവർ ലൊക്കേഷൻ എന്നിവ എക്സൈസ് ആവശ്യപ്പെടുമ്പോൾ താമസമില്ലാതെ കൈമാറാനും തീരുമാനിച്ചിട്ടുണ്ട് ആദ്യപടിയായി എക്സൈസ് തയ്യാറാക്കിയ സ്ഥിരം ലഹരിക്കടത്തുപ്രതികളായ 997 പേരുടെ പട്ടിക പോലീസിനു കൈമാറി. മുഖ്യമന്ത്രി ലഹരിക്കടത്തുകാരുടെ പട്ടിക കേരളനിയമസഭയിൽ വച്ചു.

ലഹരിക്കടത്തുകേസുകളിലെ 497 പേരും അബ്കാരിക്കേസുകളിലെ 500 പേരും ഉൾപ്പെടുന്നതാണ് ഈ പട്ടിക. മൂന്നിലധികം കേസുള്ള 108 പേർ പട്ടികയിലുണ്ട്. പട്ടികയിൽ ഉള്ളവരെ സ്ഥിരംകുറ്റവാളികൾ എന്നു കണക്കാക്കി നീക്കങ്ങൾ നിരീക്ഷിക്കും. സമാനസ്വഭാവമുള്ള ഒന്നിലധികം കേസുകളിൽ ഉൾപ്പെട്ടതാണ് മാനദണ്ഡം. പട്ടികയിൽ ഉള്ളവരുടെ വീടുകളിൽ ആഴ്ചയിൽ ഒരിക്കൽ എക്സൈസ് ഉദ്യോഗസ്ഥർ എത്തും. വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നുണ്ടോയെന്നു നിരീക്ഷിക്കുകയാണ് ഉദ്ദേശ്യം. ഭാവിയിലെ കേസുകൾക്കനുസരിച്ച് പട്ടിക വിപുലീകരിക്കും. പൊലീസിന്റെ കെഡി (നോൺ ഡിപ്രഡേറ്റർ – അറിയപ്പെടുന്ന കുറ്റവാളി) പട്ടികയ്ക്കു സമാനമാണിത്. മരണത്തോടെ മാത്രമേ പട്ടികയിൽനിന്ന് ഒഴിവാക്കപ്പെടുകയുള്ളൂ.

ഇനിമുതൽ ലഹരിക്കടത്തുമായി ബന്ധപ്പെട്ട് പൊലീസും എക്സൈസും പിടികൂടുന്ന കേസുകളുടെ വിവരങ്ങൾ പരസ്പരം പങ്കുവയ്ക്കും. ഇതോടെ രണ്ടു വകുപ്പുകളിലെയും കേസുകൾ സംയോജിപ്പിച്ച് കാപ്പനിയമവും പിറ്റ് എൻ.ഡി.പി.എസ് നിയമവും ചുമത്താൻ ആകും.

ലഹരിക്കേസിൽ ശിക്ഷിക്കപ്പെട്ടാൽ കാലാവധിതീരുംവരെ ജയിലിൽ കഴിയണമെന്നാണ് ആഭ്യന്തരവകുപ്പിന്റെ ഉത്തരവ്. ഇത്തരം തടവുകാർക്ക് സാധാരണപരോളും അടിയന്തരപരോളും ലഭിക്കില്ല. ശിക്ഷാതടവുകാർക്ക് വർഷത്തിൽ 30 ദിവസമാണ് അവധി. പ്രത്യേകസാഹചര്യത്തിൽ പത്തുദിവസം കൂടി നീട്ടി നൽകാറുണ്ട്. അടിയന്തര അവധി സൂപ്രണ്ട് മുഖേന മൂന്നുദിവസവും സർക്കാർവഴി 15 ദിവസവും ലഭിക്കും. ഇതൊന്നും ലഹരിക്കേസിലെ തടവുകാരനു ലഭിക്കില്ല.

ലഹരി ഉപയോഗിക്കുന്നവരിൽ 90 ശതമാനം പേരും 23 വയസ്സിൽ താഴെയുള്ളവരാണെന്നാണ് 2023 ൽ എക്സൈസ് കണ്ടെത്തിയത്. ആറുമാസത്തിനിടെ ലഹരി ഉപയോഗിച്ചിട്ടുണ്ടോ എന്നറിയാൻ സഹായിക്കുന്ന കിറ്റുകൾ ലഭ്യമാണ്. വാർഷികപ്പരീക്ഷ എഴുതണമെങ്കിൽ, ജോലി ലഭിക്കണമെങ്കിൽ ഒക്കെ ലഹരി ഉപയോഗിച്ചിട്ടില്ല എന്ന് സർട്ടിഫിക്കറ്റ് വേണമെന്ന നിയമം വരാനിടയുണ്ട്. സർവകലാശാലകളും വിദ്യാഭ്യാസവകുപ്പും ഇതിനുവേണ്ട നടപടികൾ ആരംഭിച്ചുതുടങ്ങിയിട്ടുണ്ട്. വിദേശത്തേക്കു പോകാൻ അനുമതി ലഭിക്കുമ്പോഴും ഈ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയേക്കും.

നിലവിൽ കേരളസർവകലാശാലയുടെ കാര്യവട്ടം കാമ്പസ്, അഫിലിയേറ്റഡ് കോളജുകൾ, സർവകലാശാല സെന്ററുകൾ എന്നിവിടങ്ങളിൽ പ്രവേശനത്തിന് ലഹരി ഉപയോഗിക്കില്ലെന്നു സത്യവാങ്മൂലം നൽകണം. വരുന്ന അക്കാദമികവർഷംമുതൽ ഇതു നിർബന്ധമാക്കും. പ്രവേശനം നേടുന്ന വിദ്യാർഥികൾ നൽകുന്ന സത്യവാങ്മൂലം സ്ഥാപനമേലാധികാരി സൂക്ഷിക്കും. സത്യവാങ്മൂലം ലംഘിച്ചാൽ നടപടി സ്വീകരിക്കാനും സർവകലാശാല അധികൃതർ തീരുമാനിച്ചിട്ടുണ്ട്.

പുതുതായി പ്രവേശനം ലഭിക്കുന്ന വിദ്യാർഥികൾക്ക് ലഹരിവിരുദ്ധപ്രതിജ്ഞ കൊച്ചി ജെയിൻ യൂണിവേഴ്സിറ്റി നിർബന്ധമാക്കിയിട്ടുണ്ട്. കൊച്ചി കാമ്പസിൽ പ്രവേശനം നേടുന്ന വിദ്യാർഥികൾ 'നോ ടു ഡ്രഗ് ' പ്രതിജ്ഞ എഴുതി ഒപ്പിട്ടുനൽകണം.

സംസ്ഥാനത്തെ ഐടി പാർക്കുകളിലെ കമ്പനികളിൽ ജീവനക്കാരെ നിയമിക്കുന്നതിനുമുമ്പ് ലഹരിവിരുദ്ധ സത്യവാങ്മൂലം വാങ്ങാൻ ആലോചിക്കുന്നുണ്ട്. 'ഞാൻ ലഹരിവസ്തുക്കൾ ഉപയോഗിച്ചിട്ടില്ല; ഇനി ഉപയോഗിക്കുകയുമില്ല' എന്ന സത്യവാങ്മൂലമാണ് ആലോചനയിലുള്ളത്. ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക് എന്നിവിടങ്ങളിലായുള്ള ഏകദേശം 280 കമ്പനികളുടെ കൂട്ടായ്മയായ ഗ്രൂപ്പ് ഓഫ് ടെക്നോളജി കമ്പനീസ് (ജിടെക്) ഈ ആശയം സർക്കാരിനെ അറിയിച്ചു. ഇൻഫോസിസ്, യുഎസ്ടി, ടിസിഎസ് ഉൾപ്പെടെയുള്ള കമ്പനികൾ ജി ടെക്കിൽ അംഗങ്ങളാണ്.

പോളിസി ഫോർ പ്രിവൻഷൻ ഓഫ് ഡ്രഗ് അബ്യൂസ് (പോഡ)എന്ന നിയമത്തിൽ ജോലി പ്രവേശിക്കുമ്പോൾത്തന്നെ ലഹരി ഉപയോഗിക്കില്ലെന്ന് കരാർ ഒപ്പിടാൻ വ്യവസ്ഥയുണ്ട്.

ലഹരിയുപയോഗിക്കുന്നവർക്കെതിരേ മതപരമായ വിലക്കുകൾവരെ വന്നു തുടങ്ങി. പുതുപ്പാടി പഞ്ചായത്തിലെ മഹല്ല് കമ്മിറ്റികൾ ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നവർക്ക് വിവാഹാവശ്യത്തിന് മറ്റു മഹല്ലുകളിലേക്കു സ്വഭാവശുദ്ധി സാക്ഷ്യപത്രം നല്കില്ലെന്നു തീരുമാനിച്ചു.

ഓർക്കുക; ലഹരിയുപയോഗിച്ചാൽ പിടിക്കപ്പെടില്ലെന്നും ചെറിയ ആളവിലാണെങ്കിൽ കുഴപ്പമില്ലെന്നും കരുതുന്നത് വിഡ്ഢിത്തമാണ്. ഈ ജന്മം പാഴ്ജന്മമാകും. എല്ലാത്തരം ലഹരികളിൽനിന്നും ബോധപൂർവ്വം അകലം പാലിക്കുക. ജീവിതം സുരക്ഷിതവും ശോഭനവുമാക്കുക.

■




*പാലാ രൂപത പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് പ്രവിത്താനം സെന്റ് അഗസ്റ്റിൻസ് ഫൊറോനപ്പള്ളിയങ്കണത്തിൽ നടന്ന മിഷനറി മഹാസംഗമം കേന്ദ്രസഹമന്ത്രി ശ്രീ ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യുന്നു.*

# സുവിശേഷചൈതന്യനിറവിൽ മിഷനറിമഹാസംഗമം



പാലാ: ദൈവവിളിയുടെ വിളനിലമായ പാലാ രൂപത സംഘടിപ്പിച്ച മിഷനറിമഹാസംഗമം രൂപതയ്ക്കും വിശ്വാസിസമൂഹത്തിനും പുതുചൈതന്യമേകി ചരിത്രം കുറിച്ചു. പ്രവിത്താനം സെന്റ് അഗസ്റ്റിൻസ് ഫൊറോന ദൈവാലയാങ്കണത്തിൽ മേയ് 10 ശനിയാഴ്ച രാവിലെ നടന്ന സംഗമത്തിൽ പാലാ രൂപതാംഗങ്ങളായ മൂവായിരത്തിലധികം വൈദികരും സന്ന്യസ്തരും അണിനിരന്നു. സംഗമത്തിൽ പങ്കെടുത്ത സഭാമേലധ്യക്ഷന്മാരും ജനപ്രതിനിധികളും, രൂപതാംഗങ്ങളായ മിഷനറിമാർ ലോകത്തിന്റെ വിവിധഭാഗങ്ങളിലായി നടത്തുന്ന സേവനപ്രവർത്തനങ്ങളെ പ്രശംസിച്ചു.

കേന്ദ്രമന്ത്രിയും സംസ്ഥാനമന്ത്രിയും ജനപ്രതിനിധികളും പങ്കെടുത്ത സമ്മേളനം രൂപതയുടെ മുന്നോട്ടുള്ള പ്രേഷിത പ്രവർത്തനങ്ങൾക്ക് ആവേശം പകരുന്നതായിരുന്നു. സമ്മേളനത്തിൽ വേദി അലങ്കരിച്ച വിശിഷ്ടാതിഥികൾക്കൊപ്പം എം.പി.മാരായ ജോസ് കെ. മാണി, ഫ്രാൻസിസ് ജോർജ്, ആന്റോ ആന്റണി, ഡീൻ കുര്യാക്കോസ്, എം.എൽ.എ. മാരായ മാണി സി. കാപ്പൻ, സെബാസ്റ്റ്യൻ കുളത്തിങ്കൽ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മുൻ എം.പി.മാരായ ജോയി എബ്രഹാം, തോമസ്ചാഴികാടൻ, പി.സി. തോമസ്, ജില്ലാ പഞ്ചായത്ത് മെമ്പർമാരായ രാജേഷ് വാളിപ്ലാക്കൽ, നിർമ്മല ജിമ്മി, അഡ്വ. ഷോൺ ജോർജ്, ജോസ് പുത്തൻകാലാ, ജോസ്മോൻ മുണ്ടയ്ക്കൽ തുടങ്ങിയവരും പാലാ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ, സിഞ്ചെല്ലൂസുമാരായ മോൺ. ജോസഫ് മലേപ്പറമ്പിൽ, മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, മോൺ. ജോസഫ് കണിയോടിക്കൽ, എം.എസ്.ടി ഡയറക്ടർ ജനറാൾ ഫാ. വിൻസെന്റ് കദളിക്കാട്ടിൽ പുത്തൻപുര, പ്രവിത്താനം ഫൊറോനവികാരി ഫാ. ജോർജ് വേളൂപ്പറമ്പിൽ, എസ്എംഎസ് സുപ്പീരിയർ ജനറൽ സി. പീയൂഷ മേലേട്ടുകുന്നേൽ, എസ്എംസി സുപ്പീരിയർ ജനറൽ സി. സ്നേഹ പോൾ വെട്ടിക്കാമറ്റം, ഡിഎസ്ടി പ്രൊവിൻഷ്യാൽ സുപ്പീരിയർ സി. ആഗ്നറ്റ് കോരംകുഴയ്ക്കൽ, എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. മരീന ഞാറക്കാട്ടിൽ, എസ്.എച്ച്. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. മെർലിൻ അരീപ്പറമ്പിൽ, എഫ്സിസി ഭരണങ്ങാനം പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജെസി മരിയ ഓലിക്കൽ, എഫ്.സി.സി. പാലാ പ്രൊവിഷൻഷ്യൽ സുപ്പീരിയർ സി. ലിസ്ബിൻ പുത്തൻപുര, സി.എം.സി. പ്രൊവിൻഷ്യൽ സുപ്പീരിയർ സി.സിജി തെരേസ് കിഴക്കേവെള്ളിലാപ്പള്ളിൽ, എസ്.എം.എസ് പ്രൊവിൻഷ്യൽ സുപ്പീരിയർ സി. കാർമൽ ജിയോ കവിയിൽകളപ്പുരയ്ക്കൽ തുടങ്ങിയവരും സമ്മേളനത്തിൽ സന്നിഹിതരായിരുന്നു.

## ഐക്യത്തിന്റെ സന്ദേശം വളർന്നുവരണം കേന്ദ്രമന്ത്രി ജോർജ് കുര്യൻ



പാലാ: കാലഘട്ടത്തിന് ആവശ്യമായ ഐക്യത്തിന്റെയും സമാധാനത്തിന്റെയും സന്ദേശം ജനങ്ങൾക്കിടയിൽ വളർന്നുവരണമെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ അഭിപ്രായപ്പെട്ടു. പാലാ രൂപത മിഷനറി സംഗമം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. നമ്മെപ്പോലെ മറ്റുള്ളവരെയും സ്നേഹിച്ച്, അവർക്കു സേവനം ചെയ്ത് ദൈവവുമായി ഒത്തുചേർന്നു ജീവിക്കണം. ഉയരുന്നതനുസരിച്ച് എളിമയുള്ളവനായിരിക്കണം.

ലോകത്തിന് ഭാരതത്തിൽനിന്നും ഏറ്റവും കൂടുതൽ മിഷനറിമാരെ നൽകിയിട്ടുള്ളത് പാലായാണ്. വിദ്യാഭ്യാസം, ആതുരസേവനം തുടങ്ങിയ മേഖലകളിലൊക്കെ പാലായുടെ പേര് പ്രചരിപ്പിച്ചത് ഇവിടത്തെ മിഷനറിമാരാണ്.

ദൈവത്തിന്റെ അനുഗ്രഹമില്ലാതെ ആർക്കും പുരോഹിതനോ സന്ന്യാസിനിയോ ആകാനാവില്ലെന്നും സേവനരംഗത്തെ ശുശ്രൂഷകൾ വിലമതിക്കാനാവാത്തതാണെന്നും അദ്ദേഹം പറഞ്ഞു.

## സമുദായശക്തീകരണത്തിന് യുവജനങ്ങൾ ഒറ്റക്കെട്ടായി നിൽക്കണം: മാർ ആൻഡ്രൂസ് താഴത്ത്



പാലാ: യുവജനങ്ങൾ നാട്ടിൽത്തന്നെ നിന്ന് സമുദായശക്തീകരണത്തിന് ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് സിബിസിഐ പ്രസിഡന്റും തൃശൂർ അതിരൂപതാധ്യക്ഷനുമായ മാർ ആൻഡ്രൂസ് താഴത്ത് പറഞ്ഞു. പ്രവിത്താനം സെന്റ് അഗസ്റ്റിൻസ് ഫൊറോനപ്പള്ളി അങ്കണത്തിൽ നടന്ന പാലാ രൂപത മിഷനറി മഹാസംഗമത്തിൽ അധ്യക്ഷത വഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഭാരതത്തിലെ ക്രൈസ്തവമതം രാജ്യത്തിന്റേതുതന്നെയാണ്. ഭാരതത്തിന്റെ വിവിധ മേഖലകളിൽ സ്തുത്യർഹമായ സംഭാവനകൾ നൽകിയിട്ടുള്ളതും രണ്ടായിരം വർഷമായി ഭാരതസംസ്കാരവുമായി ഏറെ ഇഴുകിച്ചേർന്നതുമായ ക്രിസ്തുമതത്തെ ഒരു വിദേശമതമായി കണക്കാക്കരുതെന്നും അദ്ദേഹം ആവശ്യപ്പെട്ടു. രാഷ്ട്രനിർമിതിയിൽ വിവിധമേഖലകളിൽ ഏറ്റവും കൂടുതൽ സംഭാവന നൽകിയത് ക്രിസ്ത്യാനികളാണ്. അംഗങ്ങൾ കുറയുന്നത് ആകുലപ്പെടുത്തുന്നു. ക്രിസ്തു ശിഷ്യന്മാർക്കു നൽകിയ ദൗത്യം പോകുക, സുവിശേഷം പ്രസംഗിക്കുക എന്നതാണ്.

മിഷനറിയല്ലെങ്കിൽ ക്രിസ്ത്യാനിയല്ല, ക്രിസ്തുശിഷ്യനല്ല. ഈ തീക്ഷ്ണതയും ശൈലിയും ഭാരതത്തിനുവേണ്ടി തുടരണം.

യേശു കൂടെയുണ്ടെങ്കിൽ ഭയപ്പെടേണ്ടതില്ല. ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ മിഷനറി രൂപത പാലായാണെന്നും അദ്ദേഹം പറഞ്ഞു.

## മന്ത്രി റോഷി അഗസ്റ്റിൻ



പാലായുടെ സൗന്ദര്യം അതിന്റെ മിഷനറിചൈതന്യമാണെന്നും വിശ്വാസക്കോട്ടയുടെ സംരക്ഷണം തീർത്തവരുടെ സംഗമമാണിതെന്നും ആശംസാപ്രസംഗം നടത്തിയ മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. പല മേഖലകളിലും ഉയർച്ച നേടുന്ന യുവതലമുറ ഇക്കാര്യം മറന്നുപോകരുതെന്നും അദ്ദേഹം ഓർമിപ്പിച്ചു.

നോവൽ 14

# കാറ്റിന്റെ മർമരങ്ങൾ

സൂസൻ പാലാത്ര

“എന്ത്യേ മക്കളേ അമ്മ? അമ്മേയിങ്ങു വിളിച്ചേ.”

വടക്കേടത്തെ വല്യമ്മയാണ്. തന്റെ ആരുമല്ലെങ്കിലും കരോട്ടെ വല്യമ്മച്ചിയെക്കാൾ സ്നേഹവാത്സല്യങ്ങൾ ഏറെ ചൊരിഞ്ഞുതരുന്ന ഒരു വല്യമ്മ.

നായർസമുദായത്തിൽ ജനിച്ചുവളർന്ന ആ വല്യമ്മ കൂലിക്കു റബറുവെട്ടിയാണ് മക്കളെ പഠിപ്പിച്ച് ഉന്നതസ്ഥാനീയരാക്കിയത്. ആ വല്യമ്മയുടെ ഭർത്താവ് വേലയെടുത്തു കിട്ടുന്നതു മുഴുവൻ കള്ളുഷാപ്പിൽകൊണ്ടെ കളയും. സ്വന്തം പറമ്പിൽ ഭൂമിയെക്കുനിഞ്ഞ് പുല്ലു പറിക്കുകയുമില്ല വെളുപ്പിനെ അഞ്ചു മണിക്കെഴുന്നേറ്റുപോയി റബറുവെട്ടും പാലെടുത്ത് ഉറയൊഴിക്കലും കഴിഞ്ഞ് കെട്ട്യോൻ അലക്കിക്കുളിച്ച് വിശ്രമിക്കും. വല്യമ്മ അടുക്കളയിൽ കയറി ഭക്ഷണം കാലാക്കും.

അന്തിയാകാൻ നോക്കിയിരിക്കുന്ന കെട്ട്യോൻ ഉള്ളത് നുള്ളിപ്പെറുക്കി കള്ളുഷാപ്പിലേക്കോടും ചാരായം മോന്താൻ. അയാൾ ഷാപ്പിൽ പോകുന്ന തക്കംനോക്കി പറമ്പിന്റെ അതിർത്തിയിൽക്കൊണ്ടെ അരിയുംപയറും പാറ്റി, കല്ലും മണ്ണുംകളഞ്ഞ്, വിലയ്ക്കു വാങ്ങുന്ന ഉരുക്കുനെയ്യും ചോറിലൊഴിച്ചുകഴിച്ച് വല്യമ്മ ഭർത്താവിന്റെ ഇടികൊള്ളാൻ റെഡിയായിരിക്കും. മക്കൾ അരണ്ട മണ്ണെണ്ണവിളക്കിന്റെ വെട്ടത്തിൽ പഠിക്കാനിരിക്കും. മക്കൾക്കെല്ലാവർക്കുംകൂടി ഒരു വിളക്കേയുള്ളൂ. മറ്റു രണ്ടു വിളക്കുള്ളത് മഷിക്കുപ്പിവിളക്കാണ്. ഒന്ന് തിരിതാഴ്ത്തി ഇറയത്ത് വയ്ക്കും. മറ്റൊരെണ്ണം അടുക്കളയിൽ വേണം. മണ്ണെണ്ണ കിട്ടാനില്ല. റേഷനായി കിട്ടുന്നത് സൂക്ഷിച്ച് തുരിശിച്ച് ഉപയോഗിക്കണം.

വല്യമ്മ അവരുടെ പഴയകാല ചരിത്രം പറയുമ്പോൾ കണ്ണുകൾ, അറിയാതെ നിറഞ്ഞുതൂവും.

ഉച്ചമയക്കത്തിലായിരുന്ന അമ്മ എണീറ്റുവന്നു.

“മോനേ, ഈ ഉച്ചയുറക്കമത്ര നന്നല്ല കേട്ടോ. ഇല്ലാത്ത രോഗങ്ങളെയെല്ലാം അതു ക്ഷണിച്ചു വരുത്തും. വാതോം പിത്തോമെല്ലാം. പിന്നെ ഇപ്പളെല്ലാരും പറയുന്ന, ബി.പി യൊക്കെ. ബി.പി. യും ഷുഗറുമൊക്കെ പണ്ടു കാലത്തുമുണ്ടാരുന്നു കേട്ടോ. അന്നതിന് നാട്ടുമരുന്നുകളുമുണ്ടാരുന്നു. എന്നാലാ രോഗങ്ങൾ ഇംഗ്ലീഷീകരിച്ചപ്പോൾ, പണക്കാരന്റെയും മേലനങ്ങാത്തോരുടെയും രോഗമായി മാറി. ഇനിയത് സാമ്പത്തികഭേദമൊന്നുമില്ലാതെ എല്ലാരേം കാർന്നെടുക്കുമെന്നാ പറേന്നത്. കാരണം, മനുഷ്യൻ സുഖലോലുപരും അലസരുമായി മാറുവല്ലേ.”

“ഓ, അതൊക്കെ, സമ്പത്തൊള്ളോരുടെ കാര്യവല്ലേ, അന്നന്നയപ്പത്തിനു ഞെരുങ്ങുന്ന പാവങ്ങൾക്ക് വല്ല ക്ഷയമൊക്കെയാകും വരുന്നത്, അല്ലേ?” അമ്മ സംശയമുന്നയിച്ചു.

വല്യമ്മ ഏതു വിഷയം വീണുകിട്ടിയാലും അതിൽ കേറിപ്പിടിച്ചങ്ങ്, അക്ഷരവടിവോടെ, ജ്ഞാനത്തോടെ സംസാരിക്കും.


സംസാരത്തിനിടയിൽ ചെറുപ്പത്തിൽ പഠിച്ച ശാസ്ത്രീയ സംഗീതം തുടയിൽ താളം പിടിച്ചു പാടും. ‘നഗുമോ’ ‘വാദാപി ഗണപതി’ ഒക്കെ പഠിപ്പിക്കാൻ ശ്രമിക്കും. ‘ശ്രീ സരസ്വതീ നമോസ്തുതേ’ വല്യമ്മ തുടയിൽ താളമിട്ടു പാടുകയായി.

അമ്മയുടെ കുട്ടിക്കാലത്ത് ആ നാട്ടിൽ ഒരു ശീലാസ് ആശാനുണ്ടായിരുന്നത്രേ. ആശാന്റെ മകൾ കുഞ്ഞമ്മയ്ക്ക് അമ്മയെക്കാൾ രണ്ടുമൂന്നുവയസ്സു മൂപ്പുണ്ട്.

ആശാന്റെ സംഗീതക്കച്ചേരികൾ അമ്മയും കേട്ടിട്ടുണ്ട്. ആ സംഗീതക്കച്ചേരികൾ നടത്തിക്കഴിയുമ്പോൾ കിട്ടുന്ന ചക്രമാണ് അവർക്കു നാണ്യമായി കിട്ടുന്ന ആകെ വരുമാനം.

ആശാൻ മകളെ ശാസ്ത്രീയ സംഗീതം പഠിപ്പിക്കുന്നത് അമ്മ കേട്ടിട്ടുണ്ട്. ആശാന്റെ വീട്ടിൽ കയറാനോ കുഞ്ഞമ്മയുടെ ഒപ്പം ചമ്രമിരുന്ന് പാട്ടു പഠിക്കാനോ അമ്മയുടെ സഹോദരന്മാർ അനുവദിക്കില്ല.

കാരണം, ശമര്യരും യഹൂദരും പോലെയാണ് ജാതിയിൽ.



എന്നിട്ടും അമ്മ ആശാന്റെ കുടിലിൽ ചെന്നുപറഞ്ഞു: “ആശാനേ, എന്നെയും പാട്ടു പഠിപ്പിക്കാമോ?”

ജാതിയിൽ കുറഞ്ഞവനും, എന്നാൽ, പെന്തക്കോസ്തുവിശ്വാസിയുമായ ആശാൻ പറഞ്ഞു: “അപ്പാട്ടു തുർക്കിയ കാനത്തിലാകയാൽ വീണ്ടെടുത്തോർക്കത്രേ പാടിടാവൂ.”

പിന്നീടാരോ പൊരുൾ തിരിച്ചുകൊടുത്തപ്പോളാണ് അമ്മയ്ക്ക് ആ വരികളുടെ ഉള്ളർഥം പിടികിട്ടിയത്.

തുർക്കീയ എന്നാൽ സ്വർഗീയ, കാനം എന്നാൽ ഗാനം, വീണ്ടെടുത്തോർ എന്നാൽ പെന്തക്കോസ്തുകാർ.

ആശാൻ വീട്ടിൽ വന്നാലും നടയ്ക്കുതാഴെനിന്നാണ് അരിയും വള്ളിപ്പയറും തേങ്ങയുമൊക്കെ വാങ്ങിക്കൊണ്ടു പോകുന്നത്. അമ്മയുടെ അമ്മ ദൈന്യം തോന്നി നല്കുന്ന ഭക്ഷ്യവസ്തുക്കളാണവ.

നാട്ടിലെ എല്ലാ കുട്ടികളെയും അക്ഷരം പഠിപ്പിക്കുന്നതും ശീലാസാശാൻതന്നെയാണ്. കുട്ടികളെയിരുത്തി പഠിപ്പിക്കാൻ അന്നാട്ടിലെ അപ്പച്ചന്മാരൊക്കെച്ചേർന്ന് ഒരു തറ പൊക്കിക്കെട്ടി വെടിപ്പാക്കി നാലുതൂണും തീർത്ത് നാലുവശത്തും ഓലമറകെട്ടി, മുകളിൽ ഓലമേഞ്ഞ് ഒരു കളരിയുണ്ടാക്കിക്കൊടുത്തു. അവിടെ കുട്ടികളൊക്കെ പോയിരുന്ന് ആശാനിൽനിന്ന് അക്ഷരാഭ്യാസം നടത്തും.

ചുരുക്കം ചിലർമാത്രം കൂലിയായി ചക്രം നല്കും. ഏറിയപേരും ആശാനു കൂലിയായി അരിയും പച്ചക്കറികളും തേങ്ങയുമൊക്കെയാണ് നല്കുന്നത്. അതുകൊണ്ട് ആശാന്റെ വീട് വളരെ സുഭിക്ഷമായാണ് കഴിയുന്നത്.

ആ കളരിയോടു ചേർന്നാണ് ആശാൻ താമസിക്കുന്ന കുടിൽ. കളരിയുടെയും കുടിലിന്റെയും സ്ഥലം അമ്മയുടെ രണ്ടാമത്തെ സഹോദരന്റെ പേരിലുള്ളതാണ്. ഇളയ സഹോദരിമാരെയും കുഞ്ഞനുജനെയും അക്ഷരം പഠിപ്പിക്കാൻ അമ്മയുടെ പെണ്ണു കെട്ടാത്ത ആങ്ങള, പ്രിയപ്പെട്ട കുഞ്ഞുകൊച്ചായി പണമൊന്നും വാങ്ങാതെ കൊടുത്ത സ്ഥലമാണ്.

കുറെയേറെക്കാലം ആശാൻ അവിടെ താമസിച്ചിട്ട് മകളുടെ വിവാഹം നടന്ന് മകൾക്ക് ഒരു കുട്ടിയായതോടെ മരുമകന്റെ നാട്ടിലേക്കുപോയി.

കുഞ്ഞമ്മയെ വളരെ ചെറുപ്പത്തിലേ വിവാഹം കഴിപ്പിച്ചു. പിന്നീട്, അയാൾക്ക് സർക്കാർ സർവീസിലെന്തോ നല്ല ജോലി കിട്ടിയത്രേ.

അപ്പന്റേം അമ്മേടേം ഏക പുത്രിയായ, സർക്കാർജീവനക്കാരന്റെ ഭാര്യയായ കുഞ്ഞമ്മയാതൊരു അല്ലലുമറിയാതെ ജീവിച്ചുപോന്നു.

ഒരിക്കൽ അമ്മ, വടക്കേക്കാലായിൽനിന്ന് വള്ളിപ്പയർ പറിച്ചിട്ട്, ഒരുകുട്ട പയറും ചുമന്നുകൊണ്ട്, ദേഹം മുഴുവൻ പയറിൻ വള്ളികൊണ്ടിട്ട് മുറിവും തിണർപ്പും ചൊറിച്ചിലുമായി വിഷമിച്ചുവരുമ്പോൾ ആശാനും ഭാര്യയും കുഞ്ഞമ്മയുടെ ഭർത്താവും കൂടെ കുഞ്ഞമ്മയെ പാലു കുടിപ്പിക്കാനുള്ള പ്രയത്നത്തിലാണ്.

ആശാൻ എന്തു സംസാരിച്ചാലും അതു കേൾക്കാൻ നല്ലയീണമാണ്. കുഞ്ഞമ്മയുടെ കളമൊഴിയും കേൾക്കാൻ കാതുകൾക്കിമ്പമാണത്രേ.

“പാലു കുടിയെടീ കുഞ്ഞമ്മേ.”

“എനിക്കുവേണ്ടെന്റച്ചാച്ചാ.”

“കുഞ്ഞമ്മേന്റമ്മച്ചി തന്നാ കുടിക്കാമോ?”

“എനിക്കു വേണ്ടെന്റിച്ചാച്ചാ.”

“ജോണിക്കുട്ടി തന്നാ കുടിക്കാമോ.”

“എനിക്കു വേണ്ടെന്റച്ചാച്ചാ.”

അപ്പൻ മരിച്ചുപോയിട്ട്, സഹോദരന്മാരുടെ സംരക്ഷണയിൽ കഴിഞ്ഞ അമ്മയ്ക്കീ സംസാരം ശ്ശി പിടിച്ചു. ഏറെക്കാലം അമ്മ ഒരു പാട്ടിന്റെ ഈരടികൾ പോലെ ഈ സംഭാഷണം ഉരുവിട്ടു സംതൃപ്തിയടഞ്ഞു.

കുഞ്ഞമ്മയ്ക്ക് ഒരു മകൾ ജനിച്ചപ്പോളാണ്, ഗർഭിണിയായ കുഞ്ഞമ്മയെ എല്ലാവരുംകൂടെ പാലുകുടിപ്പിച്ചതിന്റെ പൊരുൾ അമ്മയ്ക്കു പിടികിട്ടിയത്. ആ മകൾക്ക് അവർ ഏലിക്കുട്ടി എന്നു പേരിട്ടുലാളിച്ചു. ഏറെക്കാലം കഴിഞ്ഞ് ആരോ പറഞ്ഞ് അമ്മയറിഞ്ഞു, ഏലിക്കുട്ടിയെ സി.എസ്. ഐ. യിലെ ഒരു വൈദികനാണ് വിവാഹം ചെയ്തതെന്ന്. ഏലിക്കുട്ടിയുടെ മിടുമിടുക്കനായ മകൻ, പഠനത്തിലും സംഗീതത്തിലും വാദ്യോപകരണ സംഗീതത്തിലും പേരെടുത്തു. ഒരു സിനിമയിൽ ജാസു വായിക്കുന്നു എന്നറിഞ്ഞ് അമ്മ ഭർത്താവിനെയും മക്കളെയും കൂട്ടി ആ സിനിമ പോയി കണ്ടു.

ഏറെത്താമസിയാതെ ആ മകൻ, അവനെ സ്നേഹിച്ചവർക്കെല്ലാം ഒരു തീരാനൊമ്പരമായിത്തീർന്നു.

വിദേശത്തെവിടെയോ ഗാനമേളയ്ക്കുപോയി അപകടമരണം സംഭവിച്ചതൊക്കെ പത്രത്തിൽ നിന്നറിഞ്ഞ് അമ്മയും വേദനയോടെ നിലവിളിച്ചു. ആ മോന്റെ കൂട്ടുകാരുടെ കൈയിനാൽ അപകടമരണം നടന്നതാണത്രേ.

ആശാൻ നീതിസാരത്തിലെ അമൂല്യങ്ങളായ വരികളൊക്കെ തന്റെ ശിഷ്യരുടെ മനസ്സിലുറപ്പിച്ചിട്ടുണ്ട്. അതിനാൽ, അമ്മയുടെ സംസാരത്തിൽ നീതിസാരവാക്യങ്ങൾ എപ്പോഴും ഉയർന്നു കേൾക്കാം.

അമ്മയും വെള്ളാപ്പള്ളിലെ വല്യമ്മയുംകൂടി പൂർവകാലത്തെ സംഭവകഥകളുടെ ചുരുളുകൾ നിവർത്തുന്നത് കേൾക്കാൻ എന്തൊരു സുഖമാണ്! ഒരു ചരിത്രാഖ്യായിക വായിക്കുന്ന പ്രതീതിയാണനുഭവപ്പെടുക.

അമ്മയുടെയൊക്കെ കഞ്ഞിക്കണ്ടത്തിലെ ഞാറുനടീലിന് കിടാത്തികൾക്കും കിടാത്തൻമാർക്കും ഉച്ചക്കഞ്ഞിക്ക് പപ്പടം കാച്ചുമ്പോൾ, ചെറുമികൾ പാടത്തുനിന്നു പാടുമത്രേ: “പപ്പടം കാച്ചുന്ന മണം വരുന്നേ അത്താനേ റ്റണ്ടെണ്ണമടിയനും കിട്ടിക്കണേ” അപ്പോൾ കിടാത്തികൾ ഏറ്റുപാടും: ‘അടിയനും കിട്ടിക്കണേ.’

അമ്മയുടെ ബാല്യം സുന്ദരവും സുരഭിലവുമായിരുന്നു.

വല്യമ്മയുടെ യൗവനകാലത്തെ കുറേയധികം കഷ്ടപ്പാടുകളും സങ്കടവും പറഞ്ഞിട്ട്, വല്യമ്മ പറയും: “ങാ പോട്ടേ, കഴിഞ്ഞുപോയകാലം കടലിനക്കരെ.”

അമ്മ ചോദിച്ചു: “അമ്മ എവിടെയാരുന്നു, രണ്ടുമൂന്നു ദെവസമായിരുന്നല്ലോ, കണ്ടിട്ട്?”

“അതു മക്കളേ ഞാനേ, പനച്ചിക്കാട്ടൊരു ക്ഷേത്രത്തിൽ ഭജനയിരിക്കുവാരുന്നു. ഒത്തിരിക്കാലമായുള്ള മോഹമായിരുന്നു, മൂത്തവൻ അതങ്ങു സാധിച്ചു തന്നു. അവന്റെ പെണ്ണ് നല്ല തങ്കസ്വഭാവിയാ, ഞാനെന്തെങ്കിലും ഒരു കൊതി പറഞ്ഞാൽ അവളതെങ്ങനെയെങ്കിലും സാധിച്ചു തരീക്കും. അതിന്റെ ഐശ്വര്യോം അവക്കുണ്ടെന്നു കരുതിക്കോ, കാരണം, ഞാൻ ചൂണ്ടിക്കാണിച്ച പെണ്ണിനെയാ അവൻ കെട്ടിയത്.

ചരിത്രം പറഞ്ഞുപോയാൽ വല്യമ്മയങ്ങു കേറിപ്പിടിച്ചു സംസാരിക്കും. പറയാനുദ്ദേശിച്ചത് പറയാനും പറ്റില്ല. സ്കൂളുവിട്ട് പിള്ളേരും ഇപ്പംവരും. അതുകൊണ്ട് അമ്മ ഇടയ്ക്കുകയറി ചോദിച്ചു: “കുഞ്ഞിരാമനെന്നാ വരുന്നേ?”

“ഭഗവാനേ, ഞാമ്പറയാൻ വിട്ടുപോയതാ. അവൻ വന്നിട്ടുണ്ട്; എല്ലാരുംകൂടെ കോട്ടയംപോയി സിനിമാ കാണാനും എല്ലാർക്കും തുണിയെടുക്കാനുമൊക്കെ പോയിരിക്കുവാ, വരുമ്പം വരുമ്പം അവനതു പതിവാ.”

ശേഷം 12-ാം പേജിൽ

# പാഠം പഠിക്കാത്ത പാക്കിസ്ഥാൻ



തോമസ് കുഴിഞ്ഞാലിൽ

1999 ലെ കാർഗിൽയുദ്ധത്തിനു ശേഷം ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ ഇപ്പോൾ നടക്കുന്ന നേർക്കുനേർ യുദ്ധത്തിന് 'ഓപ്പറേഷൻ സിന്ദൂർ' എന്ന പേരു നല്കിയത് ശ്രദ്ധേയമായി. വിവാഹിതരായ ഇന്ത്യൻ സ്ത്രീകൾ നെറുകയിൽ ചാർത്തുന്ന സിന്ദൂരം തുടച്ചുമാറ്റാൻ ശ്രമിക്കുന്നവർക്കെതിരേയുള്ള ശക്തമായ താക്കീതാണത്.

ലഡാക്ക് ജില്ലയിലുള്ള കാർഗിൽമലനിരകളിൽ നുഴഞ്ഞുകയറിയ പാക്കിസ്ഥാൻപട്ടാളത്തെയും ഭീകരരെയും തുരത്തിയോടിച്ച സൈനികമുന്നേറ്റത്തിനു നല്കിയ പേര് 'ഓപ്പറേഷൻ വിജയ്' എന്നായിരുന്നു. ഇന്ത്യൻ വ്യോമസേനയുടെ ആക്രമണപദ്ധതിക്ക് 'ഓപ്പറേഷൻ സാഫെദ് സാഹർ' എന്നും, നാവികസേനയുടെ പടയോട്ടത്തിന് 'ഓപ്പറേഷൻ തൽവാർ' എന്നുമാണ് പേരു നല്കിയത്.

1999 മേയ് മാസം എട്ടാം തീയതി തുടങ്ങി 83 ദിവസം നീണ്ടുനിന്ന കാർഗിൽയുദ്ധം (2 മാസവും 3 ആഴ്ചയും 2 ദിവസവും) ജൂലൈ 25 നാണ് അവസാനിച്ചത്. നിയന്ത്രണരേഖയ്ക്കിപ്പുറത്തുള്ള മലനിരകൾ മുഴുവൻ തിരിച്ചുപിടിച്ച ഇന്ത്യൻസൈനികർ 5,353 മീറ്റർ (17,562 അടി) ഉയരമുള്ള മാർപോ ലാ കൊടുമുടിയിൽ ഇന്ത്യൻപതാക ഉയർത്തി. 1999 ജൂലൈ 26 പ്രഭാതത്തിലെ ആ ചരിത്രസംഭവം അനുസ്മരിക്കുന്നതിന് അക്കാലത്ത് ഇന്ത്യൻപ്രധാനമന്ത്രിയായിരുന്ന അടൽ ബിഹാരി വാജ്പെയ് ജൂലൈ 26 'കാർഗിൽ വിജയ് ദിവസ്' എന്നു നാമകരണം ചെയ്തു. അന്നുമുതൽ എല്ലാ വർഷവും ആ ദിവസം കാർഗിൽവിജയ്ദിനമായി ഭാരതസർക്കാർ ആചരിച്ചുവരുന്നു.

യുദ്ധമുഖത്തുള്ള അനേകം ഗ്രാമങ്ങൾ തകർന്നുതരിപ്പണമായതും പതിനായിരക്കണക്കിനു ഗ്രാമീണർ പലായനം ചെയ്തതുമാണ് കാർഗിലിൽ സംഭവിച്ച ദുരന്തം. നമ്മുടെ സൈന്യത്തിലെ 527 പേരാണ് വീരമൃത്യു വരിച്ചത്. ക്യാപ്റ്റൻ വിക്രം ബത്ര, ക്യാപ്റ്റൻ മനോജ് കുമാർ പാണ്ഡെ, മേജർ രാജേഷ് അധികാരി, ഗ്രനേഡിയർ യോഗേന്ദ്ര സിങ് യാദവ് എന്നിവരാണ് കാർഗിൽയുദ്ധത്തിലെ ഹീറോകളായി എണ്ണപ്പെട്ടത്. ഇവരിൽ ആദ്യത്തെ രണ്ടുപേരെ മരണാനന്തരബഹുമതിയായി പരമവീരചക്രം നല്കി രാഷ്ട്രം ആദരിക്കുകയുണ്ടായി. പാക് സൈന്യത്തിന്റെ പിടിയിലകപ്പെട്ട ഫ്ളൈറ്റ് ലഫ്റ്റനന്റ് കെ സചികേതനെ എട്ടു ദിവസങ്ങൾക്കുശേഷം ഇന്റർനാഷണൽ റെഡ്ക്രോസിന്റെ മധ്യസ്ഥതയിൽ മോചിപ്പിക്കാൻ കഴിഞ്ഞത് ഇന്ത്യയുടെ നയതന്ത്രനേട്ടമാണ്. പാക്കിസ്ഥാൻ സൈന്യത്തിലും ഭീകരരിലുംപെട്ട ഏകദേശം 4,000 പേരോളം കൊല്ലപ്പെട്ടതായി റിപ്പോർട്ടുകളുണ്ടായിരുന്നു.

**ഹമാസ് മോഡൽ ആക്രമണം**

ഇക്കഴിഞ്ഞ മാസം 22-ാം തീയതി കശ്മീരിലെ ഏറ്റവും പേരുകേട്ട വിനോദസഞ്ചാരകേന്ദ്രമായ പഹൽഗാമിൽ സന്ദർശനത്തിനെത്തിയ വിനോദസഞ്ചാരികളിൽ 26 പേരെ നിഷ്ഠുരം വെടിവച്ചുകൊന്ന ഭീകരാക്രമണത്തിനുള്ള ചുട്ട മറുപടിയാണ് 'ഓപ്പറേഷൻ സിന്ദൂർ'. ഇസ്രയേലിനുള്ളിൽ കയറി 1,200 നിരപരാധരെ വധിക്കുകയും 251 പേരെ ബന്ദികളാക്കുകയും ചെയ്ത ഹമാസിന്റെ ആക്രമണരീതിയാണ് പാക്ഭീകരർ തിരഞ്ഞെടുത്തതെന്നാണ് നിരീക്ഷകർ വിലയിരുത്തിയത്.

പഹൽഗാം ആക്രമണത്തിനു ശേഷം 11-ാം ദിവസം കൃത്യമായ കണക്കുകൂട്ടലുകൾക്കും തയ്യാറെടുപ്പുകൾക്കും കൂടിയാലോചനകൾക്കും ശേഷമായിരുന്നു ഇന്ത്യൻസൈന്യത്തിന്റെ പ്രത്യാക്രമണം. മുസാഫറാബാദ്, സർജാൽ, കോട്ലി, ഗുർപൂർ, സിയാൽകോട്ട്, ബർണാൽ, മുരിദ്കെ, ബഹാവൽപൂർ, സവായ് തുടങ്ങിയ ഒമ്പതു പട്ടണങ്ങളിലുണ്ടായിരുന്ന ഭീകരപരിശീലനകേന്ദ്രങ്ങൾ പ്രത്യാക്രമണത്തിന്റെ ആദ്യമണിക്കൂറുകളിൽത്തന്നെ തകർക്കാൻ ഇന്ത്യൻസൈന്യത്തിനു കഴിഞ്ഞു. ഇതോടൊപ്പം, പാക് അധിനിവേശകശ്മീരിലെ അഞ്ചു തീവ്രവാദക്യാമ്പുകളും തകർത്തയായി സൈനികവൃത്തങ്ങൾ അറിയിച്ചു. കൊടുംഭീകരരായി മുദ്രകുത്തപ്പെട്ടിട്ടുള്ള ജയ്ഷ് ഇ മുഹമ്മദിന്റെ തലവൻ മസൂദ് അസ്ഹറിന്റെ ബഹാവൽപൂരിലെ ഹെഡ്ക്വാർട്ടേഴ്സിലുണ്ടായിരുന്ന പത്തു പേരും കൊല്ലപ്പെട്ടുവെന്നും വാർത്തയുണ്ട്. അവരിലൊരാൾ മസൂദിന്റെ ഇളയസഹോദരൻ അബ്ദുൾ റൗഫ് അസ്ഹറാണെന്നു സ്ഥിരീകരിച്ചു. 1999 ഡിസംബർ 24-ാം തീയതി 179 യാത്രക്കാരും 11 ജീവനക്കാരുമായി നേപ്പാളിലെ കാഠ്മണ്ഡുവിൽനിന്നു ഡൽഹിയിലേക്കു പറന്ന ഇന്ത്യൻ എയർലൈൻസിന്റെ ഐ സി 814 യാത്രാവിമാനം റാഞ്ചിയെടുത്ത് അഫ്ഗാനിസ്ഥാനിലെ കാണ്ഡഹാർ വിമാനത്താവളത്തിലിറക്കിയ അഞ്ചു പാക് ഭീകരരിൽ പ്രധാനി അബ്ദുൾ റൗഫായിരുന്നു. ജമ്മുവിലെ ജയിലിൽ കഴിയുകയായിരുന്ന മസൂദിനെയും രണ്ടു സുഹൃത്തുക്കളെയും മോചിപ്പിക്കുകയായിരുന്നു റാഞ്ചികളുടെ ലക്ഷ്യം. ഒരാഴ്ച നീണ്ടുനിന്ന വിലപേശലുകൾക്കൊടുവിൽ മൂന്നു ഭീകരരെ വിട്ടയച്ചുകൊണ്ടാണ് വിമാനയാത്രക്കാരെയും ജീവനക്കാരെയും മോചിപ്പിക്കാനായത്. അൽ ഉമർ മുജാഹിദ്ദീൻ എന്ന ഭീകരസംഘടനയുടെ സ്ഥാപകനും കമാൻഡറുമായിരുന്ന മുസ്താഖ് അഹമ്മദ് സർഗാർ, അബ്ദുൾ റൗഫിന്റെ കൂട്ടാളിയായിരുന്നു. അക്കാലത്തെ വാജ്പെയ് സർക്കാരിനെ പ്രതിസന്ധിയിലാക്കിയ ഏറ്റവും വലിയ പ്രശ്നമായിരുന്നു കാണ്ഡഹാർ വിമാനറാഞ്ചൽ. അബ്ദുൾ റൗഫിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താൻ 2022 ൽ ഐക്യരാഷ്ട്രസംഘടനാരക്ഷാസമിതിയിൽ ഇന്ത്യ സമർപ്പിച്ച അപേക്ഷ ചൈന വീറ്റോ ചെയ്യുകയായിരുന്നു.

2016 സെപ്റ്റംബർ 18-ാം തീയതി ജയ്ഷ് ഇ മുഹമ്മദിന്റെ നാലു ഭീകരർ കശ്മീരിലെ ഉറി സൈനികക്യാമ്പിൽ നടത്തിയ മിന്നലാക്രമണം ഇന്ത്യൻസൈന്യത്തിന്റെ മനോവീര്യം തകർത്ത സംഭവമായിരുന്നു. രണ്ടു പതിറ്റാണ്ടിനിടയിൽ ഒരു സൈനികതാവളത്തിനു നേരേ നടന്ന ഏറ്റവും വലിയ ഭീകരാക്രമണത്തിൽ 19 സൈനികരാണ് വീരമൃത്യുവരിച്ചത്. പത്തുദിവസത്തിനകം ഇന്ത്യൻ സൈന്യം അളന്നുകുറിച്ചു നടത്തിയ 'സർജിക്കിൽ സ്ട്രൈക്കിൽ' പാക്കിസ്ഥാനിലുള്ള ഭീകരതാവളങ്ങൾ തകർത്ത് നൂറിലധികം ഭീകരരെ വധിക്കുകയും ചെയ്തു. 2019 ഫെബ്രുവരി 14 ന് കശ്മീർതാഴ്വരയിലേക്കു പോവുകയായിരുന്ന മൂന്ന് സിആർപിഎഫ് ബറ്റാലിയനുകളിലെ 2,500 സൈനികരുടെ കോൺവോയിയിലേക്കു വാഹനം ഇടിച്ചുകയറ്റിയ ചാവേറാക്രമണം 40 സൈനികരുടെ ജീവനാണ് കവർന്നെടുത്തത്. ജയ്ഷ് ഇ മുഹമ്മദ് ഭീകരനായ അബ്ദുൾ അഹമ്മദ് ദുർ ആയിരുന്നു ചാവേറെന്ന് പിന്നീടുള്ള അന്വേഷണത്തിൽ തെളിഞ്ഞു. പ്രത്യാക്രമണം നടത്തിയ വ്യോമസേനാപൈലറ്റുകൾ നിയന്ത്രണരേഖയും കടന്ന് ബാലാക്കോട്ടുള്ള ഭീകരത്താവളങ്ങളും ഒളിസങ്കേതങ്ങളും തകർത്തെങ്കിലും പാക് അതിർത്തിക്കുള്ളിൽ ഒരു മിഗ് 21 വിമാനം തകർന്നുവീണത് തിരിച്ചടിയായി.





ഏതാനും മാസങ്ങൾക്കുമുമ്പ് ജയ്ഷ് ഇ മുഹമ്മദിന്റെ ഭരണസിരാകേന്ദ്രമായ ബഹാവൽപൂരിൽ ഹമാസ്നേതാക്കൾ സന്ദർശനം നടത്തിയത് രണ്ടു ഭീകരസംഘടനകളും തമ്മിലുള്ള ഇഴയടുപ്പം വ്യക്തമാക്കുന്നതാണ്. ഇസ്രയേലുമായുള്ള ഏറ്റുമുട്ടലിൽ പാക്കിസ്ഥാന്റെ സഹായം അഭ്യർഥിച്ചുകൊണ്ടുള്ള ഹമാസ് തലവൻ ഇസ്മയിൽ ഹനിയയുടെ അപേക്ഷയെത്തുടർന്നായിരുന്നു നേതാക്കളുടെ സന്ദർശനം. കറാച്ചിയിൽ സംഘടിപ്പിച്ച 'അൽ അഖ്സ റാലി'യിൽ പങ്കെടുത്ത ശേഷമാണ് അവർ മടങ്ങിയത്. എന്നാൽ, പാക്കിസ്ഥാന്റെ സഹായം എത്തുംമുമ്പ് കഴിഞ്ഞവർഷം ജൂലൈ 31-ാം തീയതി ഇസ്മയിൽ ഹനിയ ടെഹ്റാനിൽ വധിക്കപ്പെട്ടിരുന്നു. ഹനിയയുടെ നിര്യാണത്തിൽ ദുഃഖം പ്രകടിപ്പിച്ചുകൊണ്ട് ഒരു ദിവസത്തെ ദുഃഖാചരണം പാക് സർക്കാർ പ്രഖ്യാപിച്ചതും ശ്രദ്ധിക്കപ്പെട്ട സംഭവമാണ്.

ഓപ്പറേഷൻ സിന്ദൂറിൽ തകർന്നടിഞ്ഞ പ്രധാന മന്ദിരങ്ങളിലൊന്ന് പാക് പഞ്ചാബിലെ ഷെയ്ക്പുരയിലുള്ള മർകസ് തയ്ബ മോസ്കാണ്. രണ്ടായിരാമാണ്ടിൽ ലഷ്കർ തലവൻ ഹാഫിസ് സെയ്ദ് ഈ ആരാധനാലയം പടുത്തുയർത്തിയത് അൽ ക്വയ്ദ സ്ഥാപകനായ ഒസാമ ബിൻ ലാദൻ നല്കിയ ഒരു കോടി രൂപ ചെലവഴിച്ചാണ്. ഓരോ വർഷവും നൂറു കണക്കിന് ബാലികാബാലന്മാർക്ക് മതപഠനവും ആയുധപരിശീലനവും നല്കിവന്ന മാർകസ് തയ്ബ ഇന്ത്യൻ രഹസ്യാന്വേഷണ ഏജൻസികളുടെ നിരീക്ഷണത്തിലായിരുന്നു. വാഗാ അതിർത്തിയിൽനിന്ന് 30 കിലോമീറ്റർ മാത്രം അകലെയുള്ള തയ്ബയിലെ സുഫ അക്കാദമിയിലായിരുന്നു കുട്ടികൾക്ക് ആയുധപരിശീലനം നല്കിയിരുന്നത്.

**പാക് അധിനിവേശകശ്മീർ തിരിച്ചുപിടിക്കണം**

ഭരണത്തിലേറിയ നാൾമുതൽ ബിജെപിനേതാക്കൾ വീമ്പിളക്കിക്കൊണ്ടിരുന്ന ഒരു കാര്യം തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഡി ആവർത്തിച്ചത് ലാഘവബുദ്ധിയോടെ തള്ളിക്കളയാനാവില്ല. സ്വാതന്ത്ര്യാനന്തരകാലംമുതൽ പാക്കിസ്ഥാൻ കൈയടക്കിവച്ചു ഭരിക്കുന്ന പാക് അധിനിവേശകശ്മീർ തിരിച്ചുപിടിക്കണമെന്നാണ് റെഡ്ഡി പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടത്. 1971 ൽ പാക്കിസ്ഥാനിൽനിന്നു കിഴക്കൻ പാക്കിസ്ഥാനെ വേർപെടുത്തി ബംഗ്ലാദേശ് എന്ന പുതിയ രാജ്യം സൃഷ്ടിക്കാൻ ഇന്ദിരാഗാന്ധി പ്രകടിപ്പിച്ച ധൈര്യമാണ് റെഡ്ഡി ഉദാഹരണമായി ചൂണ്ടിക്കാട്ടിയത്. 10 പാർലമെന്റു മണ്ഡലങ്ങളും 25 നിയമസഭാമണ്ഡലങ്ങളുമുള്ള പാക് അധിനിവേശ കശ്മീരിൽ ഏഴു പതിറ്റാണ്ടിലധികമായി പാക്കിസ്ഥാൻ ഭരണം നടത്തുന്നു. 1947-48 കാലത്ത് കശ്മീരിൽനിന്നു പിടിച്ചെടുത്ത ഗിൽജിത്, ബാൾട്ടിസ്ഥാൻ പ്രവിശ്യകളും പിൽക്കാലങ്ങളിലെ യുദ്ധങ്ങളിൽ നമുക്കു നഷ്ടപ്പെട്ട ആസാദ് കശ്മീരും ഉൾപ്പെടെ 85,793 ചതുരശ്രകിലോമീറ്റർ (കേരളത്തിന്റെ രണ്ടേകാൽ ഇരട്ടി) ഭൂപ്രദേശമാണ് പാക്അധിനിവേശകശ്മീർ. അക്സായി ചിന്നും ഡെംചോക്കും ഉൾപ്പെടെയുള്ള 38,000 ച. കി. പ്രദേശം ചൈനയുടെ അധീനതയിലാണ്.

**വെടിനിർത്തൽപ്രഖ്യാപനം പ്രഹസനമായി**

മൂന്നു രാത്രിയും മൂന്നുപകലും നീണ്ടുനിന്ന വ്യോമാക്രമണങ്ങൾക്കും ഷെല്ലാക്രമണങ്ങൾക്കും അറുതി വരുത്തി ഇന്ത്യയും പാക്കിസ്ഥാനും വെടിനിർത്തൽ പ്രഖ്യാപിച്ചതായി ഇന്ത്യൻ വിദേശകാര്യസെക്രട്ടറി വിക്രം മിശ്രി ഇപ്രകാരം അറിയിച്ചു: "പാക്കിസ്ഥാന്റെ ഡയറക്ടർ ജനറൽ ഓഫ് മിലിറ്ററി ഓപ്പറേഷൻസ് (ഡിജിഎംഒ) വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 3.35 ന് ഇന്ത്യൻ ഡിജിഎംഒ യെ ഫോണിൽ വിളിച്ച് ഇന്ത്യൻ സമയം വൈകുന്നേരം 5 മണിക്ക് ഇരുപക്ഷവും കരയിലും ആകാശത്തും കടലിലുമുള്ള എല്ലാ സൈനികനീക്കവും വെടിവയ്പും നിർത്തുന്നതായി പ്രഖ്യാപിച്ചു." അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപും വൈസ് പ്രസിഡന്റ് ജെ ഡി വാൻസും സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയും ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായും പാകിസ്ഥാൻ പ്രധാനമന്ത്രി ഷഹ്ബാസ് ഷെറീഫുമായും നടത്തിയ ചർച്ചകളാണ് ഫലം കണ്ടത്. എന്നാൽ, പ്രഖ്യാപനം കഴിഞ്ഞ് മൂന്നു മണിക്കൂർ പിന്നിട്ടപ്പോഴേക്കും ജമ്മുവിലും ശ്രീനഗറിലും കശ്മീർതാഴ്വരയിലും പാക് സൈന്യത്തിന്റെ ഡ്രോൺ ആക്രമണമുണ്ടായി. കശ്മീർ, പഞ്ചാബ്, രാജസ്ഥാൻ എന്നിവിടങ്ങളിൽ ബ്ളാക്ക് ഔട്ട് പ്രഖ്യാപിക്കേണ്ടിയും വന്നു. ഗുജറാത്തിലെ കച്ച് ജില്ലയ്ക്കു മുകളിൽ നിരവധി ഡ്രോണുകൾ വട്ടമിട്ടു പറക്കുന്നതായും റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. ■



പാക്കിസ്ഥാന്റെ ഭീകരക്യാമ്പുകളിൽ തിരച്ചിൽ നടത്തുന്ന ഇന്ത്യൻ മിലിട്ടറി സൈനികർ

## സാഹിത്യവിചാരം

ഡോ. തോമസ് സ്കറിയ

# കഥയുടെ പളുങ്കുഗോപുരങ്ങൾ



കലാപരമായി യഥാർഥജീവിതത്തെ അവതരിപ്പിക്കുന്ന ഒരു സാഹിത്യരൂപമാണ് ചെറുകഥ എന്ന് ചാൾസ് റെയ്മണ്ട് ബാരറ്റ് എഴുതിയിട്ടുണ്ട്. കഥയിൽ വാഴ്‌വിന്റെ ഒരംശം ഉണ്ടായിരിക്കണമെന്ന കാര്യത്തിൽ അദ്ദേഹത്തിനു സംശയമുണ്ടായിരുന്നില്ല. ചെറിയ വാർത്താഖണ്ഡികയിൽ ഒരാൾ കണ്ടെത്തുന്നതുപോലെയുള്ള ഒരു സംഭവമാണ് ചെറുകഥ ആവിഷ്കരിക്കേണ്ടത് എന്നു അദ്ദേഹം വിശ്വസിച്ചു. പക്ഷേ, അതിന് നമ്മുടെ ജീവിതവീക്ഷണത്തെ സ്വാധീനിക്കാൻ കഴിയണമെന്നും ജീവിതഗതിയുടെ വികാസത്തിനു അതു ബാധകമാകണമെന്നും അദ്ദേഹം ശഠിച്ചു. മറുവശത്ത്, നോവൽ ഒരു വലിയ ലോകത്തെ അവതരിപ്പിക്കുന്നു, അത് ഒരു കൂട്ടം കഥാപാത്രങ്ങളെ വികസിപ്പിക്കുന്നു, അവർ ഒന്നിച്ച് ഒരു സമ്പൂർണ സമൂഹത്തെ സൃഷ്ടിക്കുന്നു. ചെറുകഥയാകട്ടെ, ഒരാളുടെ ജീവിതഗതി കണ്ടെത്തുന്നു. പ്രശസ്ത റഷ്യൻ ചെറുകഥാകൃത്ത് ആന്റൺ ചെക്കോവ് 'ചന്ദ്രൻ പ്രകാശിക്കുന്നുണ്ടെന്ന് എന്നോടു പറയരുത്; തകർന്ന ഗ്ലാസിലതിന്റെ പ്രകാശത്തിന്റെ തിളക്കം കാണിക്കൂ' എന്നു പറഞ്ഞതിൽ കഥയുടെ കലാതന്ത്രം അടങ്ങിയിട്ടുണ്ട്. ഒരു കഥ എത്ര ചെറുതാണെങ്കിലും, അതു വേഗത്തിൽ വികാരത്തെ പ്രതിഫലിപ്പിക്കണം. പരിചിതവും അപരിചിതവുമായ അനുഭവത്തിന്റെ വൈവിധ്യത്തെയും സൂക്ഷ്മതയെയും അപാരതയെയും ആവിഷ്കരിക്കുവാൻ ഏറ്റവും അംഗീകരിക്കപ്പെട്ടതും ജനപ്രിയവുമായ സാഹിത്യരൂപമാണ് ചെറുകഥ. വാക്കുകളാലെടുക്കുന്ന ജീവിതത്തിന്റെ ഫോട്ടോഗ്രാഫുകളാണ് അവ. മനഃശാസ്ത്രപരവും സാമൂഹികവുമായ പ്രശ്നങ്ങളെക്കുറിച്ചുള്ള രസകരമായ വീക്ഷണങ്ങൾ അതിലുണ്ടായിരിക്കും. അത്തരം കഥകളുടെ പ്രധാന ഘടകങ്ങളായ സൗന്ദര്യവും മൗലികതയും കഥാകാരന്റെ മഹത്തായ ഗുണങ്ങളാണ്. അന്തരംഗത്തിന്റെ രഹസ്യങ്ങൾ ആവിഷ്കരിക്കുന്ന പെരുമ്പടവം ശ്രീധരന്റെ കഥാലോകത്തിലൂടെ സഞ്ചരിച്ചാൽ മേല്പറഞ്ഞ നിരീക്ഷണങ്ങൾ വാസ്തവമാണെന്നു ബോധ്യപ്പെടും.

നഗരമാണ് പെരുമ്പടവത്തിന്റെ കഥകളിൽ ആവർത്തിക്കുന്ന ഒരു സ്ഥലം. വേനൽ, ഗസൽ, ദൈവത്തിന്റെ കാട്ടിലെ ഒരില, ഗിരിശൃംഗങ്ങളിലെ മഞ്ഞ്, മുള്ളും പറക്കാരയും കിളിർക്കുന്ന കാലം, ഡിസംബർ, മോഹന കല്യാണി, ഉമയുടെ സ്വപ്നങ്ങൾ, ദൂരങ്ങൾ കടന്ന്, നക്ഷത്രവിളക്കുകളുടെ ആകാശം, കിഴവനും കടലും, ഇടിഞ്ഞുപൊളിഞ്ഞ് ഒരു തെരുവ് തുടങ്ങിയ കഥകളിലൊക്കെ നഗരം കടന്നുവരുന്നുണ്ട്. നഗരവും നഗരത്തിലെ തെരുവുകളും വർണിക്കാതെ പെരുമ്പടവം കഥ പറയില്ല. നഗരത്തിലേക്കു തിരിച്ചെത്തുന്നവരും നഗരത്തിൽനിന്നു പുറപ്പെടുന്നവരുമായിരിക്കും കഥാപാത്രങ്ങൾ. അവരുടെ ദുഃഖകാണ്ഡങ്ങളാണ് പെരുമ്പടവത്തിന്റെ കഥകൾ. നഗരത്തിലെ കാഴ്ചകൾ ചിലരിൽ സ്വന്തം ജീവിതത്തിന്റെ പ്രസക്തിയെക്കുറിച്ചുള്ള ചിന്തകൾ ഉണർത്തുന്നു. മാന്ത്രികക്കുതിര എന്ന കഥയിൽ മനസ്സിനെ ഏതോ ഭൂകമ്പത്തിൽ ഇടിഞ്ഞു പൊളിഞ്ഞു വീണ നഗരത്തോട് ഈ കഥാകൃത്ത് ഉപമിക്കുന്നുണ്ട്. കലാപത്തിൽ കത്തുന്ന നഗരങ്ങളോട് ഈ കഥാകൃത്തിന് എന്തേ ഇത്ര മമത എന്നു തോന്നിക്കുന്ന പല കഥകൾ പെരുമ്പടവം എഴുതിയിട്ടുണ്ട്. 'നഗരത്തിനു മീതേ അദൃശ്യമായ ഒരു പ്രളയം പോലെ ഭയവും ദൈന്യവും നിശ്ശബ്ദതയും കെട്ടിനിൽക്കുന്നു (വേനൽ).' ഭയവും ദൈന്യവും അവതരിപ്പിക്കാൻ ഏറ്റവും അനുരൂപമായ രൂപകമായി നഗരത്തെ പെരുമ്പടവം സ്വീകരിക്കുന്നു.

വ്യക്തിയുടെ ആത്മദർശനത്തെയും അപഭ്രംശങ്ങളെയും പ്രതിഫലിപ്പിക്കാൻ എഴുത്തുകാർ നഗരദൃശ്യങ്ങൾ ഉപയോഗിക്കാറുണ്ട്. പെരുമ്പടവത്തിന്റെ കഥകളിൽ നഗരങ്ങൾ പല രൂപത്തിൽ പ്രത്യക്ഷപ്പെടുന്നു. നഗരങ്ങൾ ക്ഷീണിതരെയും ദരിദ്രരെയും സ്വപ്നജീവികളെയും സുഖലോലുപരെയും സ്വാർഥരെയും നിസ്വാർഥരെയും അവസരവാദികളെയും ആകർഷിക്കുന്ന സ്ഥലമാണ്. നഗരം സാധ്യതയുടെയും പ്രതീക്ഷയുടെയും സ്ഥലങ്ങളാണ്, അതുപോലെതന്നെ അധഃപതനത്തിന്റെയും ജീർണതയുടെയും സ്ഥലങ്ങളുമാണ്. അധികാരത്തിന്റെയും സമ്പത്തിന്റെയും പ്രൗഢികളെ പ്രതിഫലിപ്പിക്കുന്ന സ്ഥലവുംകൂടിയാണ് നഗരം. അവ മനുഷ്യന്റെ നവീകരണത്തിന്റെ ഉയരങ്ങളെയും അധാർമികതയുടെയും അഴിമതിയുടെയും ആഴങ്ങളെയും പ്രതിനിധീകരിക്കുന്നു. മനുഷ്യനു ഭ്രാന്തുപിടിക്കുന്നതുപോലെ നഗരത്തിനു ഭ്രാന്തുപിടിക്കുന്നത് പെരുമ്പടവം 'ഇലത്തുമ്പുകളിലെ മഴ'യിൽ വിവരിക്കുന്നുണ്ട്. വിജനമായ നഗരം. കള്ളന്മാരുടെ ശല്യമുള്ള നഗരം. മഞ്ഞുവീഴുന്ന നിരത്തുകൾ. അവിടെ ഒരുദിനം മതവികാരങ്ങൾ ഏറ്റുമുട്ടി. കത്തിക്കുത്തും ദുർമരണങ്ങളും തീവയ്പുകളും നടന്നു. നഗരത്തിൽ കലാപം പടരാൻ നിമിഷങ്ങൾ മതി. കലാപത്തിനിരയായ മകനെ കാത്തിരിക്കുന്ന ഒരമ്മയുടെ കഥയാണ് ഇലത്തുമ്പുകളിലെ മഴ. നശിച്ച നഗരത്തിൽനിന്ന് എങ്ങോട്ടെങ്കിലും പോകാൻ അയാൾ ആഗ്രഹിച്ചു. നരകം ഇതിനെക്കാൾ ഭേദമായിരിക്കുമെന്ന് അയാൾക്കുറപ്പുണ്ടായിരുന്നു. ഒരിക്കലും മടങ്ങിവരില്ലാത്ത മകനുവേണ്ടി കാത്തുനിൽക്കുന്ന കമലയ്ക്ക് പക്ഷേ, അയാളുടെ വാക്കുകൾ അനുസരിക്കാനാവുന്നില്ല. ഓർമകളിൽ ജീവിക്കുന്ന കമലുവിന്റെ വിഭ്രാന്തികളെ ഈ കഥ ആവിഷ്കരിക്കുന്നു.


ദുർമൃതി മണക്കുന്ന തെരുവുകളിൽ പത്രപ്രവർത്തകനായ ദിലീപൻ കണ്ടുമുട്ടുന്ന ഒരു വൃദ്ധന്റെ കഥയാണ് വേനൽ. ഇതും നഗരത്തിന്റെ പശ്ചാത്തലത്തിൽ എഴുതപ്പെട്ട കഥയാണ്. എല്ലാവർക്കുംകൂടി കാണാവുന്ന ഒരു സ്വപ്നം ഉണ്ടാക്കിയെടുക്കാൻ നമുക്കെന്നാണു കഴിയുക? എല്ലാവർക്കുംകൂടി ചൊല്ലാവുന്ന ഒരു പ്രാർഥനയിൽ നമ്മൾ എന്നാണ് ഒന്നിക്കുന്നത്? ഈ ചോദ്യങ്ങൾക്ക് ഉത്തരംതേടുന്ന വൃദ്ധന്റെ ഭൂതകാലം തേടുകയാണ് ദിലീപൻ. പട്ടാളക്കാർ നഗരത്തെ ശാന്തമാക്കുവാൻ പരിശ്രമിച്ചുകൊണ്ടിരുന്നു. നഗരത്തിലെ തെരുവുകളിൽ മനുഷ്യരക്തം ഒഴുകിക്കൊണ്ടിരുന്നു. വഴിവക്കുകളിൽ അനാഥശവങ്ങൾ ചിതറിക്കിടന്നു. കുടിലുകൾ കത്തിയമർന്നു. ഭയാനകമായ ദിവസങ്ങൾ. പൈശാചികരായ മനുഷ്യർ അന്യോന്യം കൊല്ലുന്നു. എങ്ങും ദീനവിലാപങ്ങൾ. വർഷങ്ങൾക്കുമുമ്പ് ഒരു ചെറിയ തെളിവുപോലും ശേഷിപ്പിക്കാതെ ഒരദ്ഭുതംപോലെ നഗരത്തിൽനിന്ന് അന്തർധാനം ചെയ്ത, നഗരം മുഴുവൻ സ്നേഹത്തോടും ആദരവോടും കൂടി പിതാമഹൻ എന്ന വിളിച്ചിരുന്ന ആളല്ലേ ഈ വൃദ്ധൻ എന്ന് ദിലീപനു തോന്നി. അയാൾ അഭയാർഥിക്കൂട്ടങ്ങളുടെ പിന്നാലെ നടന്നു. നഗരത്തിൽനിന്നു പോകാൻ അയാൾ തയ്യാറല്ലായിരുന്നു. വൃദ്ധന്റെ കണ്ണുകളിൽ ഒരു മഹാവ്യസനത്തിന്റെ പെരുംകടൽ അനക്കമറ്റുകിടന്നു. ഒടുക്കം നഗരം വിട്ടുപോകുന്ന അഭയാർഥിക്കൂട്ടങ്ങളിൽ ഒന്നിനു പിന്നാലെ വൃദ്ധൻ നടന്നുപോകുന്നു. നീതിയുടെയും നന്മയുടെയും നല്ല കാലത്തിനു കാത്തിരുന്ന വൃദ്ധന്റെ പ്രതീക്ഷയറ്റുപോവുകയാണ്. കൂട് നഷ്ടപ്പെട്ടവർക്ക് ആകാശത്തിന്റെ വിദൂരവിസ്തൃതിയിൽ ഇടംകിട്ടുമെന്നു വിശ്വസിക്കുന്ന വിവേകിയായ ഒരു കഥാകൃത്താണ് പെരുമ്പടവം ശ്രീധരൻ.

ഭാഗ്യനാഥന്റെ ശരീരത്തിനകത്ത് ഹൃദയം 'പ്രവർത്തിക്കാൻ' തുടങ്ങിയതോടെ അയാളിൽ സംഭവിക്കുന്ന മാറ്റങ്ങളെ അവതരിപ്പിക്കുന്ന കഥയാണ് 'അയാളെ ശനി പിടിച്ചത് എങ്ങനെ?' ഒരിക്കൽ സകലസൗഭാഗ്യങ്ങളോടുംകൂടി ജീവിച്ചിരുന്ന ആളായിരുന്നു ഭാഗ്യനാഥൻ. അയാൾക്കു ഹൃദയമുണ്ടായിരുന്നില്ല. ദൈവം ഹൃദയത്തെ അയാളുടെ അടുത്തേക്കയച്ചു. മനസ്സില്ലാമനസ്സോടെ ഹൃദയത്തെ സ്വീകരിച്ചതോടെ അയാൾക്കു മറ്റുള്ളവരോടു സ്നേഹവും അലിവും ക്ഷമയും അനുകമ്പയും തോന്നിത്തുടങ്ങി. അതുവരെ അയാൾക്ക് അന്യരെക്കുറിച്ചുള്ള വിചാരമുണ്ടായിരുന്നില്ല. ഇനി കഥ എളുപ്പം തീരുകയില്ലാത്തതിനാൽ കഥാകൃത്ത് കഥ നീട്ടുന്നില്ല. നദിയുടെ ഒഴുക്കിൽ നീന്തുന്ന ഒരില അറിയാതെ ചുഴിയിൽ വീഴുന്നപോലെ യാദൃച്ഛികമായി സ്നേഹത്തിൽ വീഴുന്ന മനുഷ്യരുടെ കഥയാണ് പെരുമ്പടവം എഴുതുന്നത്.

എല്ലാവരുംകൂടി തന്നെ കൊന്നെന്നു വിലപിക്കുന്ന പെൺകുട്ടിയുടെ ആത്മാവ് ഒരു ബലിക്കാക്കയുടെ രൂപം ധരിച്ച് വീടിന്റെ അടുത്തുള്ള മരക്കൊമ്പിൽ ചെന്നിരുന്നു മരണമന്വേഷിച്ചു വരുന്നവരെ കാണുന്നതാണ് 'ജീവിതസ്വപ്നത്തിന്റെ മറുകരകൾ.' അവളുടെ മരണത്തിന് ഓരോരുത്തരും ഓരോ വ്യാഖ്യാനമുണ്ടാക്കുന്നു. ഒരു അവിശുദ്ധബന്ധത്തിന്റെ പര്യവസാനമായിരുന്നു അവളുടെ ആത്മഹത്യ. അവളുടെ സങ്കടത്തിന്റെ, സ്വപ്നത്തിന്റെ, സ്നേഹത്തിന്റെ, ജീവിതകാലത്തിലേക്കും കഥ സഞ്ചരിക്കുന്നുണ്ട്.

മാനുഷികമായതിനെ എല്ലാം സ്നേഹിക്കുന്ന ഒരു കഥാകൃത്താണ് പെരുമ്പടവം ശ്രീധരൻ. നീതിയുടെയും നിഷ്കളങ്കതയുടെയും സ്നേഹത്തിന്റെയും ഉറവിടങ്ങളിലേക്കുള്ള മടക്കയാത്രകളാണ് അദ്ദേഹത്തിന്റെ കഥകൾ. കലാപത്തെയും കലഹത്തെയും വിചാരണ ചെയ്യുന്ന ഈ കഥാകൃത്തിന്റെ ഭാഷയ്ക്കും ഭാവനയ്ക്കും ബൈബിളിനോടുള്ള കടപ്പാട് ഒറ്റവായനയിൽ ആർക്കും കണ്ടെത്താവുന്നതാണ്. ദേവദാരുമരങ്ങളുടെ താഴെ മാലാഖമാരുടെ നടുവിലിരിക്കുന്ന ദൈവത്തോട് സങ്കടത്തോടെ പ്രാർഥിക്കുന്ന തോമാച്ചന്റെ കഥയാണ് 'നീതിമാനായ ദൈവം അറിയാൻ.' മരിച്ചുപോയ ചങ്ങാതി എസ്തപ്പാന്റെ ആത്മാവിനുവേണ്ടിയുള്ള പ്രാർഥനയിൽ വ്യാകുലമായ മനസ്സോടെ പങ്കുചേരുന്ന കുഞ്ഞാഗസ്തിയുടെ കഥയാണ് 'എന്തു കാണാനായിരുന്നു മരുഭൂമിയിലേക്കു പോയത്?' നല്ലവനായ ഒരു പുരോഹിതന്റെ കഥയാണ് 'കടൽകാക്ക കരയുന്നതെന്തിന്?' കടൽ മണക്കുന്ന ഒരു നഗരത്തിലെ പള്ളിയിൽ ഇടവകവികാരിയായി വന്ന സിൽവസ്റ്ററച്ചന്റെ സ്നേഹം തിരിച്ചറിയാതെ പോകുന്ന ഒരു ബാലന്റെകൂടി കഥയാണത്. മാനവികതയും ആത്മീയതയും ഒന്നുചേരുന്ന അനുഭവമാണ് പെരുമ്പടവത്തിന്റെ കഥകൾ പങ്കുവയ്ക്കുന്നത്. ആ കഥകളോരോന്നും നീതിയുടെയും നന്മയുടെയും സ്നേഹത്തിന്റെയും നേർക്ക് ഉയർന്നുനിൽക്കുന്ന ഒരു പളുങ്കുഗോപുരംപോലെ സുന്ദരമാണ്.

■



# സമാധാനത്തിന്റെ സന്ദേശവുമായി പുതിയ ഇടയൻ

ഫാ. കുര്യാക്കോസ് നരിതൂക്കിൽ

**വിശുദ്ധ കുരിശിന്റെ പിന്നാലെ പ്രദക്ഷിണമായി വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ മട്ടുപ്പാവിൽ പ്രത്യക്ഷനായി റോമാനഗരത്തിനും ലോകം മുഴുവനും നല്കിയ ആദ്യ ആശീർവാദത്തിനു മുന്നോടിയായി ജനാവലിയെ അഭിവാദനം ചെയ്തുകൊണ്ട് ലെയോ പതിന്നാലാമൻ മാർപാപ്പാ നല്കിയ സന്ദേശം.**

സമാധാനം നിങ്ങൾ എല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

ഏറ്റവും പ്രിയപ്പെട്ട സഹോദരന്മാരേ, സഹോദരിമാരേ,

'നിങ്ങൾ എല്ലാവർക്കും സമാധാനം' എന്ന ആശംസ ഉത്ഥിതനായ മിശിഹായുടെ ആദ്യ അഭിവാദനമാണ്.

ദൈവത്തിന്റെ അജഗണത്തിനായി സ്വന്തം ജീവൻ നല്കിയ നല്ലിടയന്റെ അഭിവാദനം നിങ്ങളുടെ ഹൃദയത്തിൽ പ്രവേശിപ്പിക്കാനും നിങ്ങളുടെ കുടുംബങ്ങളിൽ എത്തിച്ചേരാനും ഇടയാകട്ടെ. എവിടെയായിരുന്നാലും എല്ലാ ആളുകൾക്കും എല്ലാ ജനതതിക്കും ഭൂമുഖം മുഴുവനും 'സമാധാനം നിങ്ങളോടുകൂടെ' എന്നു ഞാൻ ആശംസിക്കുന്നു.


ഇത് ഉത്ഥിതനായ മിശിഹായുടെ സമാധാനമാണ്. നിരായുധവും നിരായുധമാക്കുന്നതുമായ സമാധാനം. വിനീതവും നിലനില്ക്കുന്നതുമായ സമാധാനം. നമ്മൾ എല്ലാവരെയും നിരുപാധികം സ്നേഹിക്കുന്ന ദൈവത്തിൽനിന്നുള്ള സമാധാനം.

കഴിഞ്ഞ ഉയിർപ്പുതിരുനാളിൽ റോമാനഗരത്തെയും ലോകം മുഴുവനെയും ഫ്രാൻസിസ് പാപ്പാ ആശീർവദിച്ചപ്പോൾ ശ്രവിച്ച, ദുർബലമെങ്കിലും ആത്മധൈര്യം സ്ഫുരിക്കുന്ന സ്വരം നമ്മുടെ കർണപുടങ്ങളിൽ മുഴങ്ങുന്നുണ്ട്. അതേ ആശീർവാദത്തിനു തുടർച്ചയേകുവാൻ എന്നെ അനുവദിച്ചാലും. ദൈവം നമ്മുടെ നന്മ ആഗ്രഹിക്കുന്നു. ദൈവം നിങ്ങൾ എല്ലാവരെയും സ്നേഹിക്കുന്നു. തിന്മ പ്രബലപ്പെടുകയില്ല.

നമ്മളെല്ലാവരും ദൈവതൃക്കരങ്ങളിലാണ്. ആയതിനാൽ, നിർഭയം ദൈവത്തോടും നമ്മൾ തമ്മിൽത്തമ്മിലും കരങ്ങൾ കോർത്തു മുന്നേറാം. നമ്മൾ മിശിഹായുടെ അനുയായികളാണ്. അവിടുന്നു നമുക്കു മുമ്പേ നടക്കുന്നു. ലോകത്തിന് മിശിഹായുടെ പ്രകാശം ആവശ്യമുണ്ട്. ദൈവത്തോടും അവിടുത്തെ സ്നേഹത്തോടും നമ്മെ ബന്ധിപ്പിക്കുന്ന ഒരു പാലമായി മനുഷ്യവംശത്തിന് മിശിഹായെ ആവശ്യമാണ്. നിങ്ങളും പരസ്പരം പാലം പണിയുവാൻ സഹായിക്കണമേ. കൂടിവരവും ചർച്ചകളും വഴി എല്ലാവരും ഒരൊറ്റജനമായി എപ്പോഴും ശാന്തിയിലും സമാധാനത്തിലും കഴിയാൻ സാധിക്കട്ടെ. ഫ്രാൻസിസ് പാപ്പായ്ക്കു നന്ദി.

അപ്രകാരംതന്നെ പത്രോസിന്റെ പിൻഗാമിയായിരിക്കാൻ എന്നെ നിയോഗിച്ച എന്റെ സഹോദരകർദിനാൾമാർ എല്ലാവർക്കും നന്ദി പ്രകാശിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. പത്രോസിന്റെ പിൻഗാമി എന്ന നിലയിൽ ഐക്യമുള്ള സഭയായി എപ്പോഴും സമാധാനവും നീതിയും അന്വേഷിച്ചുകൊണ്ട് നിങ്ങളോടൊപ്പം നടക്കാനും ഈശോമിശിഹായോടു വിശ്വസ്തരായ സ്ത്രീപുരുഷന്മാരായി എപ്പോഴും ഭയരഹിതരായി സുവിശേഷം പ്രഘോഷിച്ചുകൊണ്ട് പ്രേഷിതരായി പ്രവർത്തിക്കുന്ന സഭാതനയരെ നയിക്കാനും എന്നെ തിരഞ്ഞെടുത്തിരിക്കുകയാണ്.

'നിങ്ങളോടൊപ്പം ക്രിസ്ത്യാനിയും നിങ്ങൾക്കുവേണ്ടി മെത്രാനുമാകുന്നു' എന്നു പറഞ്ഞ വിശുദ്ധ ആഗസ്തീനോസിന്റെ മകനാണ്, അഗസ്തീനിയനാണ്, ഞാൻ. ആ അർഥത്തിൽ നമ്മൾ എല്ലാവർക്കും ഒന്നിച്ച് ദൈവം നമുക്കുവേണ്ടി ഒരുക്കിയിരിക്കുന്ന സ്വർഗരാജ്യത്തേക്കു ചരിക്കാം.



റോമിലെ സഭയ്ക്ക് ഒരു സവിശേഷ അഭിവാദനം നേരുന്നു. ഒത്തൊരുമയോടെ, സംവേദനത്തിലൂടെ, ഒരു പ്രേഷിതസഭയാകാനും എല്ലാവരെയും സ്വീകരിക്കാൻ കരങ്ങൾ വിടർത്തി നില്ക്കുന്നതുപോലുള്ള ഈ ബസിലിക്ക അങ്കണത്തിനു സമാനമായിരിക്കണം സഭ. നമ്മുടെ സ്നേഹവും സഹായവും സാന്നിധ്യവും സ്നേഹസംഭാഷണവും ആവശ്യമായവരെ വിടർന്ന കരങ്ങൾ നീട്ടി സ്വാഗതം. നിങ്ങളുടെ അനുവാദത്തോടെ (സ്പാനിഷിൽ) ഒരു വാക്കുകൂടി: എല്ലാവർക്കും പ്രത്യേകമായി പെറുവിലെ എന്റെ പ്രിയ ചിക്ലായോ രൂപതയ്ക്ക് അഭിവാദനം. അവിടെ ജനം വിശ്വസ്തതയോടെ മെത്രാനൊപ്പം നടന്നു. ഈശോമിശിഹായോടു വിശ്വസ്തയായ ഒരു സഭയായി തുടരാൻ ഈ ജനം വിശ്വാസം പങ്കുവയ്ക്കുകയും വളരെ വളരെ ദാനം ചെയ്യുകയും ചെയ്തു.

റോമിലെയും ഇറ്റലിയിലെയും ലോകം മുഴുവനിലെയും സഹോദരന്മാരേ, സഹോദരിമാരേ, എല്ലാവർക്കുമൊപ്പം നടക്കുന്ന ഒരു സഭയായിരിക്കാൻ, എപ്പോഴും സമാധാനം അന്വേഷിക്കുന്ന സഭയായിരിക്കാൻ, എപ്പോഴും ഉപവി അന്വേഷിക്കുന്ന സഭയായിരിക്കാൻ, വളരെ പ്രത്യേകമായി വേദനിക്കുന്നവരുടെ ചാരത്തുണ്ടായിരിക്കുന്ന സഭയായിരിക്കാൻ നമ്മളാഗ്രഹിക്കുന്നു.

ഇന്നു പൊമ്പേയിലെ പരിശുദ്ധ മാതാവിന്റെ മാധ്യസ്ഥ്യം അപേക്ഷിക്കുന്ന ദിവസമാണ്. നമ്മുടെ അമ്മ എപ്പോഴും നമ്മോടൊപ്പം നടക്കാനാഗ്രഹിക്കുന്നു. നമ്മുടെ സമീപത്തുണ്ടാകാനും തന്റെ സ്നേഹവും മാധ്യസ്ഥ്യവും വഴി നമ്മെ സഹായിക്കാനും എപ്പോഴും പരിശുദ്ധ അമ്മ ആഗ്രഹിക്കുന്നു.

അതിനാൽ, നിങ്ങളോടൊപ്പം പരിശുദ്ധ അമ്മയോടു പ്രാർഥിക്കാൻ ഞാനാഗ്രഹിക്കുന്നു. എല്ലാവരും ഒന്നുചേർന്ന് എന്റെ ഈ പുതിയ ദൗത്യത്തിനും, സഭ മുഴുവനുംവേണ്ടിയും ലോകത്തിൽ സമാധാനം പുലരാൻവേണ്ടിയും മാതാവിന്റെ പ്രത്യേക വരദാനം യാചിക്കാം.



*പുതിയ മാർപാപ്പായെ കാണാൻ വത്തിക്കാൻ ചത്വരത്തിൽ തടിച്ചുകൂടിയ ജനം*



*മാർപാപ്പായായശേഷമുള്ള ലിയോ പതിന്നാലാമന്റെ വത്തിക്കാനു പുറത്തേക്കുള്ള ആദ്യയാത്ര. ഈ യാത്രയിൽ അദ്ദേഹം തന്റെ മുൻഗാമിയായ ഫ്രാൻസിസ് പാപ്പായുടെ കബറിടവും സന്ദർശിച്ചു.*

Deepanalam Weekly
RNI No : 16998/68
Vol. 58 No. 11 Date of Publication 15 May 2025
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment


52 വർഷത്തെ ചികിത്സാപാരമ്പര്യം

# ശ്രീകൃഷ്ണ ആയുർവേദകേന്ദ്രം

പാലാ – തൊടുപുഴ റോഡ്, ഐങ്കൊമ്പ് – 686 653
ഫോൺ: 04822 – 246446, 9349507287

മധ്യകേരളത്തിലെ പ്രമുഖ ആയുർവേദ ആശുപത്രി

എല്ലാവിധ രോഗങ്ങൾക്കും ഒ. പി. & ഐ. പി. വിഭാഗങ്ങൾ




ആയുർവേദത്തിലൂടെ രോഗശമനം ആരോഗ്യവും ദീർഘായുസ്സും

ദൈനംദിനജീവിതത്തിലെ തിരക്കിൽനിന്നു മാറിനിന്ന് ഗ്രാമത്തിന്റെ വിശുദ്ധിയിൽ ആയുർവേദവും ആത്മീയതയും യോഗയും ധ്യാനവും സമന്വയിപ്പിച്ചുള്ള ആരോഗ്യഭക്ഷണരീതിയുമായി ശരീരത്തിനും മനസ്സിനും പുത്തൻ ഉണർവുനേടി ജീവിതത്തിന് ഒരു പുതിയ തുടക്കത്തിനായി

Sri Krishna
HERITAGE VILLAGE
Caressing Of Ayurveda
Aimcombu, Pala-Kerala, India

ആയുർവേദത്തിന്റെ മൂല്യം
കാത്തുസൂക്ഷിക്കാൻ
ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്

**സൗകര്യങ്ങൾ**

- ആയുർവേദ ഫിറ്റ്നസ് സെന്റർ
- 10 എയർ കണ്ടീഷനിംഗ് & നോൺ എയർ കണ്ടീഷനിംഗ് കോട്ടേജുകൾ
- യോഗപരിശീലനവും തെറാപ്പിയും
- വായനാ മുറിയും ലൈബ്രറിയും
- സിസിടിവി കവറേജ്, സൗജന്യ വൈഫൈ
- രുചികരമായ സസ്യാഹാരം
- പഞ്ചകർമ്മചികിത്സ

Contact Persons:

Dr. N.K. Mahadevan 9349507287 | Dr. K.M. Krishnapriya 7909234334 | Krishnakumar G 9447772716

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org